മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 29 | THE ONLINE OFFICIAL NEWS BULLETIN | 2026 July 16

SEASON OF PENTECOST | **പെന്തിക്കോസ്തികാലം** | ܦܢܛܩܘܣܛܝ، ܥܕܢܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
19	20	21	22	23	24	25
7	3	7	3	7	3	7
8th Sunday after Pentecost	Comme. of Elijah the Prophet		Comme. of Mary Magdelene	89th Mem. of Fr. Noronha (St. Mary's Cathedral Brahmavar) 27th Mem. of Geevarghese Mar Diascoros, Metropolitan ✠ (Ranni Holy Trinity Ashram)		Comme. of Mar Epiphanios of Cyprus



പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അഞ്ചാം ഓർമ്മപ്പെരുന്നാളിന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.



നവജ്യോതി മോംസ് ചാരിറ്റബിൾ സൊസൈറ്റി വാർഷികം പുതുപ്പള്ളിയിൽ നടന്നു

പുതുപ്പള്ളി: മലങ്കര ഓർത്തഡോക്സ് സഭയുടെ സാമൂഹിക വികസന സംഘടനയായ നവജ്യോതി മോംസ് ചാരിറ്റബിൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗം ഡോ. യൂഹാനോൻ മാർ ദീസ്കോറോസ് മെത്രാപ്പോലീത്താ പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളിയിൽ ഉദ്ഘാടനം ചെയ്തു.

മോംസ് വൈസ് പ്രസിഡന്റ് ഫാ. ബോബി പീറ്റർ അധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, കേന്ദ്ര ഡയറക്ടർ ഡോ. സിബി തരകൻ, ജനറൽ സെക്രട്ടറി ശാന്തമ്മ വർഗ്ഗീസ്, ട്രഷറാർ റീറ്റ വർഗ്ഗീസ്, ഇടവക വികാരി ഫാ. ആൻഡ്രൂസ് പി. ജോൺ, ഭദ്രാസന വൈസ് പ്രസിഡൻറ്റ് ഫാ. നിബു കെ. ഇട്ടി , ഭദ്രാസന ഡയറക്ടർ ജെയിംസ്കുട്ടി പി. ചാക്കോ, സോണൽ സെക്രട്ടറി സിസി കുര്യൻ എന്നിവർ പ്രസംഗിച്ചു.

മലങ്കരസഭാതർക്കം: മുഖ്യമന്ത്രിയുടെ സ്വപ്നം മലങ്കരസഭയുടെ ചിരകാല സ്വപ്നം

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്

(പ്രസിഡന്റ്, മാധ്യമ വിഭാഗം, മലങ്കര ഓർത്തഡോക്സ് സഭ)

2017–ലെ സുപ്രീംകോടതി അന്തിമ വിധിക്ക് ശേഷവും തുടരുന്ന മലങ്കരസഭാതർക്കം പരിഹരിക്കുക എന്നത് തന്റെ സ്വപ്നമാണെന്ന മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ നിലപാടിനെ സ്വാഗതം ചെയ്യുന്നു. മലങ്കരസഭയുടെ ചിരകാല സ്വപ്നത്തെ അങ്ങും ചിറകിലേറ്റുന്നു എന്നത് പ്രത്യാശാനിർഭരമാണ്.

വ്യവഹാരരഹിത സഭ എന്ന മുദ്രാവാക്യമാണ് എക്കാലവും മലങ്കരസഭ മുന്നോട്ട് വെച്ചിട്ടുള്ളത്. മുൻസർക്കാരുകളും ക്രിയാത്മകമായി ഈ വിഷയത്തിൽ ഇടപെടാൻ ശ്രമിച്ചിരുന്നു. എന്നാൽ രാജ്യത്തിന്റെ പരമോന്നത കോടതി വിധികളെയും സഭാ ഭരണഘടനയെയും അംഗീകരിക്കാൻ തയാറാകാതെ ഒരു വിഭാഗം മാറി നിന്നതാണ് സമാധാനത്തിന് ഇടങ്കോലിട്ടത്. ഭാരതത്തിന്റെ നിയമത്തിന് വിധേയരാകാൻ തയാറാകാതെ ചിലർ പിൻമാറിയതാണ് മുൻസർക്കാരുകളെ പ്രതിസന്ധിയിലാക്കിയത്. നിയമവകുപ്പ് കൂടി കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി എന്ന നിലയിൽ കോടതി വിധികളുടെ അന്തസത്ത ഉൾക്കൊണ്ടുള്ള ഒരു പ്രശ്നപരിഹാരത്തിന് അങ്ങയ്ക്ക് സാധിക്കുമെന്ന് മലങ്കരസഭ വിശ്വസിക്കുന്നു.

സഭാതർക്കത്തിന് ശാശ്വത പരിഹാരം ഉണ്ടാകുക എന്നത് ഏവരുടെയും സ്വപ്നമാണ്. അങ്ങയ്ക്ക് ആ ദൗത്യം പക്ഷപാതരഹിതമായി നിർവഹിക്കുവാൻ കഴിയട്ടെ എന്ന് മലങ്കരസഭ ആശംസിക്കുന്നു. ഈ വിഷയത്തിൽ സർക്കാരുമായി യോജിച്ച് പോകുവാൻ സഭ തയാറാണ്. മറുപക്ഷവും അങ്ങയുടെ സ്വപ്നം സഫലമാകുവാൻ സഹകരിക്കുമെന്ന് പ്രത്യാശിക്കുന്നു.



പ. കുറിയാക്കോസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ ആചരിച്ചു. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മുഖ്യ കാർമ്മികത്വം വഹിച്ചു.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ

25-4-1952. നരിയാപുരം, പത്തനംതിട്ട. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കു ശേഷം ജോർജ്ജിന്റെ കുട്ടിയുടെ മാമോദീസാ നടത്തി. അതു കൂടാതെ വേറെ ആറു മാമോദീസാ കൂടി നടത്തുകയുണ്ടായി.

11 മണിയോടു കൂടി പത്തനംതിട്ട നിന്നും കോറെപ്പിസ്ക്കോപ്പാ അച്ചൻ വന്ന് നാളെ കോളജ് ഹാളിനു കല്ലിടുന്നതിനു നാം അതു വഴി ചെല്ലണമെന്ന് അറിയിച്ചു. ഉച്ചയോടുകൂടി പറമ്പിൽ അച്ചനും തുമ്പമണ്ണു നിന്നും കൊച്ചച്ചനും വന്നിരുന്നു.

ഉച്ചമേശ കഴിഞ്ഞ് കോറി അച്ചനും ഒന്നിച്ച് പത്തനംതിട്ടയിൽ എത്തി പള്ളിയിൽ താമസിച്ചു. ദാനിയേൽ റമ്പാച്ചനും ബേസിൽ അംഗങ്ങളും പള്ളിയിൽ വന്ന് സന്ധ്യാനമസ്കാരശേഷം തിരിച്ചുപോയി. രാത്രിയിൽ ഈപ്പൻ കത്തനാരും വന്നിരുന്നു.

26-4-1952. പത്തനംതിട്ട, മാങ്ങാനം. വെളുപ്പിന് കോറി അച്ചൻ വി. കുർബ്ബാന ചൊല്ലി. നമസ്കാരം കഴിഞ്ഞ് ഏഴു മണിക്ക് സ്കൂളിൽ എത്തി കോളജ് ഹാളിനു പരുമല തിരുമേനിയുടെ നാമത്തിൽ കല്ലിട്ടു. മുമ്പ് ഹൈസ്കൂളിനും പരുമലെ മെത്രാച്ചന്റെ നാമത്തിലാണ് നാം ആദ്യമായി കല്ലിട്ടത്. ആളുകളൊക്കെ സ്കൂളിൽ കൂടിയിരുന്നു. പള്ളിയിൽ വന്ന് കാപ്പി കഴിഞ്ഞ് 9.15-നു കോട്ടയത്തിനു യാത്ര തിരിച്ചു. പത്തു മണിക്ക് പുത്തൻകാവിൽ എത്തി വിശ്രമിച്ചു. ഉച്ചമേശ കഴിഞ്ഞ് വീണ്ടും യാത്ര തുടർന്നു. വഴിമദ്ധ്യേ ബെഥേലിൽ ഇറങ്ങി തീമോത്തിയോസ് മെത്രാച്ചനെയും, തിരുവല്ലായിൽ സായിപ്പിന്റെ ആസ്പത്രിയിൽ ഇറങ്ങി സുഖമില്ലാതെ കിടക്കുന്ന ചക്കിട്ടുതടത്തിലച്ചനെയും കാണുകയുണ്ടായി. അച്ചന് ഇപ്പോൾ ഒരു മൈനർ ഓപ്പറേഷൻ കഴിഞ്ഞ് വളരെ സുഖമുണ്ട്. ഒരു മേജർ ഓപ്പറേഷൻ കൂടി കഴിഞ്ഞാൽ പരിപൂർണ്ണ സുഖമാകുമെന്നാണ് ഡോക്ടേഴ്സ് അഭിപ്രായപ്പെട്ടിരുന്നത്. നാലര മണിക്കു ഇവിടെ മാങ്ങാനത്ത് എത്തി. സന്ധ്യയോടു കൂടി പീലിപ്പോച്ചൻ വന്ന് സുപ്രീംകോടതിയിലെ കേസു കാര്യങ്ങളെപ്പറ്റിയും മറ്റും പറയുകയുണ്ടായി. വി. സി. ശമുവേൽ കത്തനാരുടെ വിവാഹകാര്യവും പീലിപ്പോച്ചൻ പറയുകയുണ്ടായി. നാം ഒരിക്കലും അത് അനുവദിച്ചു കൊടുക്കുകയില്ലെന്നും വിവാഹം ചെയ്താൽ മേലിൽ കർമ്മം (കൂദാശകൾ) നടത്തരുതെന്നു നാം കല്പന കൊടുക്കുമെന്നും മറ്റും നാം പറഞ്ഞു. എട്ടു മണിയോടുകൂടി പീലിപ്പോച്ചൻ തിരിച്ചുപോയി.


27-4-1952. മാങ്ങാനം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. ഡോ. ചെറിയാൻ വർഗീസിന്റെ അനുജനും പാപ്പിയുടെ മക്കൾ ഐവാനും അവന്റെ ജ്യേഷ്ഠനും മറ്റും വന്നിരുന്നു.

മൂന്നര മണിക്ക് നാം ദേവലോകത്തു പോയി. അവിടെ നിന്നും പഴയസെമിനാരിയിലും പോയശേഷം ആറു മണിക്ക് ഇവിടെ എത്തി. നൈനാനും സെമിനാരിയിൽ നിന്നും നമ്മോടു കൂടി പോന്നിരുന്നു.

28-4-1952. മാങ്ങാനം. രാവിലെ പാറേൽ അച്ചൻ വന്ന് കുർബ്ബാന ചൊല്ലി. 11 മണിക്കു കെ. പി. പൗലോസ് കത്തനാർ വന്നിരുന്നു. നാളെ കോലഞ്ചേരിയിൽ വച്ചു കൂടുന്ന വടക്കൻ ഭദ്രാസനയോഗത്തെപ്പറ്റി പറയുകയുണ്ടായി. യാത്ര ചെയ്യുന്നതിനു നല്ല സുഖമില്ലാത്തതിനാൽ നാളെ നാം മീറ്റീംഗിനു വരുന്നതല്ലെന്നു പറഞ്ഞയച്ചു.

നാലു മണിയോടു കൂടി ദേവലോകത്തു പോയി അവിടുത്തെ പണികളെല്ലാം കാണുകയുണ്ടായി. അവിടെ വച്ചു ഒരു വലിയ കാറ്റും മഴയും ഉണ്ടായി. മഴ കഴിഞ്ഞ് തിരിച്ചു ഇവിടെ എത്തി. സന്ധ്യയോടു കൂടി കെ. ഫീലിപ്പോസ് കത്തനാരും പി. സി. ഏബ്രഹാമും വന്നിരുന്നു.

ഒമ്പതു മണിക്ക് തീമോത്തിയോസ് മെത്രാച്ചനും, ദാനിയേൽ റമ്പാച്ചനും, സി. ഐ. നൈനാനും കൂടെ ഇവിടെ എത്തി. റമ്പാച്ചൻ വാഴൂർക്ക് പോയി. മെത്രാച്ചനും നൈനാനും ഇവിടെ താമസിച്ചു.



29-4-1952. മാങ്ങാനം. വെളുപ്പിന് മെത്രാച്ചനും നൈനാനും കൂടെ കോലഞ്ചേരി മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി കോലഞ്ചേരിക്കു പോയി.

30-4-1952. മാങ്ങാനം. രാവിലെ വട്ടശ്ശേരിൽ ഫീലിപ്പോസ് കത്തനാരും അയാളുടെ ഇടവകയിൽ നിന്നും മീഖായേലിന്റെ അടുക്കൽ പോയി കോറൂയോസ്ഥാനം ഏറ്റ ഒരു ശെമ്മാശനും കൂടെ വന്നിരുന്നു. ആ ശെമ്മാശൻ ഇപ്പോൾ നമ്മോടു ചേരാൻ ആഗ്രഹിക്കുന്നെന്നും ചെയ്ത എല്ലാ തെറ്റുകളും ക്ഷമിക്കണമെന്നും മറ്റും കാണിച്ച് അപേക്ഷയും ഉടമ്പടിയും എഴുതിത്തരികയും നാം അയാളുടെ മുടക്കു തീർത്ത് ബഥനി പള്ളി ഇടവകാംഗമായി ചേർത്ത് കല്പന കൊടുക്കുകയും അയാളെ അനുഗ്രഹിക്കയും ചെയ്തു.

ഉച്ചകഴിഞ്ഞ് മാനേജരു കത്തനാരും ഏലിയാസ് തോമസ് കത്തനാരും കൂടെ ഇവിടെ വന്നിരുന്നു. ജോൺ ശെമ്മാശനും ഇവിടെ ഉണ്ടായിരുന്നു. അവരു മൂന്നു പേരുമൊന്നിച്ചു ദേവലോകത്തു പോയി സ്ഥലങ്ങളെല്ലാം നോക്കുകയുണ്ടായി. കുറെ നാളത്തേക്കു ജോൺ ശെമ്മാശൻ അവിടെ താമസിക്കാൻ ഇടപാടു ചെയ്തു. ഇന്നു മുതൽ ശെമ്മാശൻ അവിടെ താമസമാക്കി. ഏലിയാസ് കത്തനാർ രാത്രി ഇവിടെ താമസിച്ചു. രാത്രിയിൽ ജോർജ് കുര്യൻ കത്തനാർ വന്ന് ചില സങ്കടങ്ങൾ അറിയിച്ചു. അതിന് ദീവന്നാസ്യോസ് തിരുമേനിക്ക് ഒരു കല്പന നാം കൊടുത്തു (കല്പന നമ്പർ 52 കാണുക).

1-5-1952. മാങ്ങാനം. രാവിലെ പുതുശ്ശേരിൽ നിന്നും വരമ്പത്ത് വർഗീസ് കത്തനാർ വന്നിരുന്നു. അയാളെ പുതുശ്ശേരി സ്കൂളിലെ ഹെഡ്മാസ്റ്റർ ആയി നിയമിക്കുന്ന സംഗതിയെപ്പറ്റി പറഞ്ഞു. അടുത്ത ആഴ്ചയിൽ കൂടുന്ന ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽ വച്ച് ഇതേപ്പറ്റി ആലോചിച്ചു തീരുമാനിക്കാമെന്നു നാം പറഞ്ഞു. പുതുശ്ശേരിയിലെ മുൻ ഹെഡ്മാസ്റ്റർ ജോർജ്ജ് സാറും വന്ന് ചില സംഗതികൾ പറഞ്ഞു. ഏലിയാസ് തോമസ് കത്തനാരും, ഡബ്ലിയു. സി. വർഗീസ് കത്തനാരും ഉച്ചയോടുകൂടെ തിരിച്ചുപോയി.

ഉച്ചകഴിഞ്ഞു തേവോദോസ്യോസ് മെത്രാച്ചൻ വന്നിരുന്നു. സ്റ്റുഡൻസ്

കോൺഫ്രൻസിനെപ്പറ്റിയും മറ്റും പറയുകയുണ്ടായി. ദാനിയേൽ റമ്പാച്ചൻ ഇതു വഴി വന്ന് പത്തനംതിട്ടയ്ക്കു പോയി.

2-5-1952. മാങ്ങാനം. രാവിലെ നല്ലാക്കാരൻ കത്തനാരും അഞ്ചലുകാരൻ കത്തനാരും ഇവിടെ വന്ന് നമ്മെ കണ്ടശേഷം തിരിച്ചുപോയി. നിധി പിരിവ് സംബന്ധിച്ചുള്ള വിവരങ്ങൾ പറയുകയുണ്ടായി. ഒമ്പതു മണിക്കു തിരിച്ചുപോയി. ഉച്ചയോടുകൂടി ഡോ. കെ. സി. പോളും കെ. എം. ഏബ്രഹാമും പൗലോസ് ജഡ്ജിയുടെ അനുജനും കൂടി അയ്യമ്പള്ളിൽ നിന്നും നമ്മെ കാണ്മാൻ വന്നിരുന്നു. നമ്മുടെ ശരീരസ്ഥിതിയും മറ്റും അറിഞ്ഞ് ചില നിർദ്ദേശങ്ങൾ തന്ന ശേഷം തിരിച്ചുപോയി.

നാലു മണിയോടു കൂടി മാമ്മൻ മാപ്പിള സുപ്രീംകോടതിയിലെ സംഗതികളെപ്പറ്റിയും മറ്റും ഇവിടെ വന്നു പറഞ്ഞു. കൂടാതെ പത്തനംതിട്ട കോളജിന്റെ ഭരണഘടനയുടെ ഒരു നക്കൽ കൊണ്ടുവന്നിരുന്നു. അതിലെ ചുരുക്കം ഏതാണ്ട് ഒന്നു പറഞ്ഞുംവച്ച് ഇത് പത്തനംതിട്ടക്കാർ എന്നോട് ആവശ്യപ്പെട്ട തനുസരിച്ച് ഞാൻ എഴുതിയതാണ്. അതിൽ മാറ്റങ്ങൾ വേണമെങ്കിൽ വരുത്താം. ഇത് പത്തനംതിട്ടക്കാരുടെ പേർക്ക് അയച്ചുകൊടുക്കുകയാണ് എന്നും മറ്റും പറഞ്ഞശേഷം തിരിച്ചുപോയി. ഉച്ചകഴിഞ്ഞ് ദേവലോകത്തിനു പോയി. മാനേജരു കത്തനാരും മറ്റും വന്നിരുന്നു.

3-5-1952. മാങ്ങാനം, തിരുവല്ല. ഉച്ചകഴിഞ്ഞു തിരുവല്ലായ്ക്കു പോയി. ബഥനിയിൽ എത്തി താമസിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ അവിടെ ഉണ്ടായിരുന്നു. കാപ്പി കഴിഞ്ഞു മെത്രാച്ചനുമൊന്നിച്ച് തിരുമൂലപുരം ബാലികാമഠത്തിൽ പോയി സ്റ്റുഡൻസ് കോൺഫ്രൻസിൽ സംബന്ധിക്കുന്ന കുട്ടികളെ സന്ദർശിച്ചു കഴിഞ്ഞ് ആറു മണിയോടു കൂടി തിരിച്ച് ബഥനിയിൽ എത്തി. കോൺഫ്രൻസിന് തേവോദോസിയോസ് മെത്രാച്ചനും, ഫാ. മാഡൻ (കൽക്കട്ട), കുറിയാക്കോസ് കത്തനാർ, കെ. സി. ജോസഫ് ശെമ്മാശൻ, എം. വി. ജോർജ്ജ് ശെമ്മാശൻ മുതലായി പലരും സ്റ്റുഡൻസിനെ കൂടാതെ അവിടെ ഉണ്ടായിരുന്നു. ദാനിയേൽ റമ്പാച്ചൻ സ്റ്റുഡൻസിന്റെ റിട്രീറ്റ് പ്രമാണിച്ചു വന്നിരുന്നു. 150-ൽപരം കുട്ടികൾ ഈ വർഷം കോൺഫ്രൻസിൽ സംബന്ധിച്ചിരുന്നു.

4-5-1952. തിരുവല്ല. രാവിലെ സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സ് പ്രമാണിച്ച് എം.ജി.എം. മൈതാനത്ത് ഒരുക്കിയിരുന്ന മനോഹരവും വിശാലവുമായ പന്തലിന്റെ കിഴക്കുഭാഗത്തു നിർമ്മിച്ചിരുന്ന മണ്ഡപത്തിൽ നാം വി. കുർബ്ബാന അർപ്പിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ വി. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു.

1953 ജനുവരി

1-1-1953. കാതോലിക്കേറ്റ് അരമന, കോട്ടയം. ഇന്നും മാർത്തോമ്മാശ്ലീഹായുടെ പെരുനാൾ ദിവസമാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കുശേഷം ശങ്കരത്തിൽ കോറി അച്ചന്റെ മകളുടെ കുട്ടിയെ മാമോദീസാ മുക്കി. അച്ചനും, മരുമകൻ വി. ഒ. ജോർജും മറ്റും വന്നിട്ടുണ്ടായിരുന്നു. മാമോദീസാ കഴിഞ്ഞു വന്ന് കാപ്പി കുടിച്ചശേഷം എല്ലാവരുംകൂടി ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. അനന്തരം പത്തര മണിക്കു അവർ തിരിച്ചുപോയി.

വെളുപ്പിന് പരുമലെ മാനേജരു കത്തനാരും പഴയസെമിനാരി മാനേജരച്ചനും കൂടി വള്ളക്കാലിലെ ഡെന്റിസ്റ്റിന്റെ നിലം വാങ്ങുന്നതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ആലുവായിൽ ടി ഡോക്ടറുടെ അടുക്കൽ പോയി. മൂന്നു മണിയോടു കൂടി തിരിച്ചു വന്നു. നിലത്തിന്റെ ഈ വർഷത്തെ പാട്ടനെല്ല് നമുക്കു തരുന്നതിനെപ്പറ്റി വള്ളക്കാലിലെ കുഞ്ഞുമായി ആലോചിച്ചു ചെയ്യുന്നതിന് അയാൾ പറഞ്ഞു. കുഞ്ഞുമായി ആലോചിക്കുന്നതിന് പരുമലെ കത്തനാർ പരുമലയ്ക്കു പോയി.

കുറുപ്പുംപടിക്കാരൻ ശെമ്മാശൻ നമ്മെ കാണ്മാൻ വന്നിരുന്നു. നാളെ അവർക്കു കോളജ് തുറക്കുകയാണ്.

2-1-1953. കാതോലിക്കേറ്റ് അരമന. രാത്രിയിൽ നല്ല സുഖമില്ലാതിരുന്നതിനാൽ ഇന്ന് വി. കുർബ്ബാന അർപ്പിച്ചില്ല. എട്ടു മണിയോടു കൂടി ചെങ്ങന്നൂർ പട്ടരുമഠത്തിലെ മാമ്മനും ഭാര്യയും അമ്മായിയമ്മയും കുട്ടികളും കൂടി ഇവിടെ വന്നു നമ്മെ കാണുകയുണ്ടായി. അവന്റെ ഭാര്യയുടെ സുഖക്കേടു വിവരങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു. അവരുടെ അപേക്ഷപ്രകാരം നാം ആ സ്ത്രീയുടെ തലയ്ക്കു പിടിച്ചു പ്രാർത്ഥിച്ചു. അവൾക്കുവേണ്ടി വി. കുർബ്ബാന ചൊല്ലണമെന്നു അപേക്ഷിക്കയും അതിനായി പത്തു രൂപാ ശെമ്മാശനെ ഏല്പിക്കുകയും ചെയ്തു. പത്തുമണിക്കു അവർ തിരിച്ചുപോയി.

മാനേജരച്ചൻ സെമിനാരിയിൽ നിന്നും വന്നു. മുഖവാരത്തിന്റെ പണികൾ മേസ്തിരി തോമസ് തന്നെ പണിയാമെന്നു പറഞ്ഞതിനാൽ മാത്യു മേസ്തിരി തിരിച്ചുപോയി.

കുറിച്ചിയിൽ നിന്നും യോഹന്നാൻകുട്ടി വന്നിരുന്നു. അവന്റെ മകന്റെ കൽക്കട്ടായിലെ ജോലി പോയ കാര്യങ്ങളും മറ്റും പറഞ്ഞു. കേസിന് കല്പനപ്രകാരം പത്തു രൂപാ അവൻ തന്നു.

3-1-1953. കാതോലിക്കേറ്റ് അരമന. ഇന്ന് മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷി മരണത്തിന്റെ ഓർമ്മദിവസമാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കാണ്മാൻ കുറേപ്പേർ വന്നിരുന്നു.

പത്തുമണിയോടു കൂടി മാനേജരച്ചൻ വന്നു. മേസ്തിരി തോമസിന്റെ അനുജൻ ചാപ്പലിന്റെ മുഖവാരത്തിന്റെ ഒരു പ്ലാൻ വരച്ചുകൊണ്ടു വന്നു. അതനുസരിച്ച് ഇന്ന് പണികൾ ആരംഭിച്ചു.

ഉച്ചകഴിഞ്ഞു പരുമലെ മാനേജരു കത്തനാർ വന്നു. നിലം വാങ്ങുന്നതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിഞ്ഞ് ആവശ്യമെങ്കിൽ ഉടനെ എഴുതിക്കുന്നതിന് തിങ്കളാഴ്ച നിലത്തിന്റെ ആളുകൾ ഇവിടെ വരുമെന്നു പറഞ്ഞു. നാലരയ്ക്കു അയാൾ പരുമലയ്ക്കു തിരിച്ചു പോയി.

കുന്നംകുളത്ത് പാറേമ്മേൽ കത്തനാർ മുൻസിപ്പൽ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന് സ്ഥാനാർത്ഥിയായി നിൽക്കുന്നുണ്ടെന്നും, ഇതു സംബന്ധിച്ച് പത്രറിപ്പോർട്ടു പോലും ഉണ്ടെന്നും കാണിച്ച് (പത്രത്തിന്റെ കട്ടിംഗ്സ് ഉൾപ്പെടെ) ഒന്നുരണ്ടു ഹർജികൾ നമ്മുടെ പേർക്കു വന്നു. ഇതേപ്പറ്റി അയാളുടെപേർക്ക് നാം കല്പന അയച്ചു. കല്പന അവിടെ കിട്ടിയാലുടൻ അയാൾ ഇവിടെ വരണമെന്നും കല്പനയിൽ കാണിച്ചിട്ടുണ്ട്. ഇതിന്റെ വാസ്തവസ്ഥിതികളെപ്പറ്റി അറിയുന്നതിനും മറ്റുമായി ചാക്കുണ്ണി കത്തനാരുടെ പേർക്ക്ടി പാറേമ്മേൽ കത്തനാർക്കു നാം അയച്ച കല്പനയുടെ ഒരു കോപ്പിയോടു കൂടി ഒരു കത്തും അയച്ചു.

4-1-1953. കാതോലിക്കേറ്റ് അരമന. ജനനപെരുന്നാളിനു മുൻ ഞായറാഴ്ചയാകയാൽ രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. നോമ്പിനെപ്പറ്റിയും 'യൽദോ'യെപ്പറ്റിയും മറ്റും കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. പത്തനംതിട്ടക്കാരൻ ഈപ്പൻ കത്തനാരും, ജോസഫ് ശെമ്മാശനും, കൊല്ലാട്ടുകാരൻ ജോർജ് ശെമ്മാശനും കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. പതിനൊന്നു മണിയോടു കൂടി മാങ്ങാനത്തു നിന്നും സണ്ടേസ്കൂൾ അദ്ധ്യാപകരും കുട്ടികളും കൂടി ഇവിടെ വന്ന് അരമനയും മറ്റും കാണുകയും നമ്മെ കണ്ട് കൈമുത്തുകയും മറ്റും ചെയ്തശേഷം 12 മണിക്ക് തിരിച്ചുപോയി.

ഉച്ചകഴിഞ്ഞ് പാച്ചിറ പള്ളിയിലെ സണ്ടേസ്കൂൾ അദ്ധ്യാപകരും വിദ്യാർത്ഥികളും കൂടി ഇവിടെ വന്ന് അരമനയും മറ്റും കണ്ടിട്ട് തിരിച്ചുപോയി. അവർ നമുക്കു ചില കാഴ്ചകളും കൊണ്ടുവന്നിരുന്നു.

പുലിമുഖത്ത് ജോർജ് കത്തനാർ വന്നിരുന്നു. അയാളുടെ അപ്പനും അമ്മയും സുഖമില്ലാതെ അമ്പൂരാന്റെ ആസ്പത്രിയിൽ കിടക്കുകയാണെന്നും മറ്റും പറഞ്ഞു.

നാലു മണിയോടു കൂടി പുത്തൻകാവ് പള്ളി വികാരിയും ട്രസ്റ്റിയും കമ്മിറ്റിക്കാരിൽ നാലുപേരും കൂടി ഇവിടെ വന്നു. ഇന്ന് അവിടെ പൊതുയോഗം വികാരിയുടെ അദ്ധ്യക്ഷതയിൽ കൂടി എന്നും, മിഡിൽ സ്കൂൾ പള്ളിവകയായി വാങ്ങിക്കണമെന്നു തീരുമാനിച്ചെന്നും, കബറുങ്കലെ പണത്തിന്റെ സംഗതിയെപ്പറ്റി കൂടുതലായുള്ള വിവരങ്ങൾ അറിയുന്നതിന് ഈ വന്നവരെ പൊതുയോഗം തിരഞ്ഞെടുത്ത് ഇങ്ങോട്ടു അയച്ചിട്ടുള്ളതാണെന്നും, അവിടെ ആസ്പത്രി പണി കഴിപ്പിക്കണമെന്നും, കബറുങ്കലെ പണം പള്ളിക്കണക്കിൽ കൂടി ചേർന്നു വന്ന് അവിടുത്തെ ആസ്പത്രി മുതലായവയ്ക്കായിട്ട് ചെലവിടേണ്ടതാണെന്നും മറ്റുമുള്ള അഭിപ്രായം നമ്മെ അറിയിച്ചു. എന്നാൽ വ്യക്തിപരമായി സ്കൂൾ പള്ളിക്കു വാങ്ങേണ്ട യാതൊരു ആവശ്യവും ഇല്ലെന്നുള്ള നമ്മുടെ അഭിപ്രായം അവരോടു പറഞ്ഞു. നന്മയ്ക്കായി ചെയ്യുന്നെങ്കിൽ ഷെയറുകാർ ആ സ്കൂൾ സമുദായത്തിന് സ്വയമായി വിട്ടുകൊടുക്കയാണ് വേണ്ടത് എന്നു നാം അഭിപ്രായപ്പെട്ടു. അതിന് അവർക്കു മനസ്സുള്ളതായി കണ്ടില്ല. കബറുങ്കലെ വരുമാനത്തെപ്പറ്റി ഒരു മെത്രാപ്പോലീത്തായുടെ അവകാശം ഇടവകക്കാർക്കല്ലെന്നും അത് സമുദായത്തിനു പൊതുവായുള്ളതാണെന്നും അത് തരുന്നതിനു സാധി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ റഷ്യൻ പ്രതിനിധി സംഘത്തോടൊപ്പം (1938).

ക്കയില്ലെന്നും നാം അവരോടു പറഞ്ഞു. എന്നാൽ അവിടെ പലർക്കും ഇത് സംബന്ധിച്ച് എതിരഭിപ്രായമുണ്ടെന്നും മറ്റും അവർ പറഞ്ഞു. അങ്ങനെയെങ്കിൽ നാം അവിടെ എത്തി പൊതുയോഗം കൂടി കബറുങ്കലെ ഭണ്ഡാരത്തിന്റെ താക്കോൽ അവിടെ ഏല്പിക്കാമെന്നും, മേലാൽ ആ പള്ളി സംബന്ധിച്ച് യാതൊന്നും നാം ചെയ്യുകയില്ലെന്നും അവരുടെ ഇഷ്ടംപോലെ നടക്കട്ടെ എന്നും നാം പറഞ്ഞു. അത് ചിലർക്കു പ്രയാസമായി തോന്നി. ഏതായാലും നാം അവിടെ എത്തി ഈ സംഗതികളെപ്പറ്റി ആലോചിച്ച് വേണ്ടതു ചെയ്യാമെന്ന് അവരോടു പറഞ്ഞു. ഒമ്പതു മണിക്ക് അവർ പോയി.

5-1-1953. കാതോലിക്കേറ്റ് അരമന. രാവിലെ ഒമ്പതു മണിയോടു കൂടി പത്തനംതിട്ട നിന്നും പാലമൂട്ടിലെ അച്ചൻ വന്നു. വകയാറ്റുകാരൻ ഈട്ടിമൂട്ടിൽ കത്തനാർ നമ്മുടെ കൂടെ ചേരുന്നതിന് വീണ്ടും ആഗ്രഹിക്കുന്നെന്നും വല്ല നിവർത്തിയുമുണ്ടെങ്കിൽ അയാളെ സ്വീകരിക്കണമെന്നും വല്ല്യച്ചൻ പറഞ്ഞു. അതേപ്പറ്റിയും ആലോചിച്ചു ചെയ്യാമെന്ന് നാം പറഞ്ഞു. അച്ചൻ 12 മണിക്കു തിരിച്ചു പോയി. നിലയ്ക്കൽ കൺവൻഷൻ കഴിഞ്ഞ് സി. ഐ. നൈനാൻ ഇതുവഴി വന്ന് വിവരങ്ങൾ പറഞ്ഞശേഷം മാവേലിക്കരയ്ക്കു പോയി.

പാതിക്കാടു പള്ളി വികാരി സി. സി. വർഗീസ് കത്തനാർ വന്ന് ജനുവരി 29-നു അവിടെ പള്ളിപ്പടിക്കൽ പുതുതായി പണി കഴിപ്പിച്ചിട്ടുള്ള കുരിശിന്റെ കൂദാശ നാം തന്നെ നടത്തിക്കൊടുക്കണമെന്ന് ഇടവകക്കാർക്ക് അപേക്ഷയുള്ളതായി നിർബ്ബന്ധമായി പറഞ്ഞു. സുഖമുള്ളപക്ഷം അവിടെ എത്തി കൂദാശ നടത്തിത്തരാമെന്നു നാം പറഞ്ഞതനുസരിച്ച് അയാൾ നാലു മണിക്കു പോയി.

വകയാറു പള്ളി ഫെബ്രുവരി മാസം ഒന്നാം തീയതി നാം കൂദാശ ചെയ്തു കൊടുക്കണമെന്ന് പാതിക്കാട്ടു നിന്നും നേരെ പോയാൽ സൗകര്യമായി എത്താമെന്നും മറ്റും വികാരി ജോൺ കത്തനാർ ഇവിടെ വന്ന് അറിയിക്കയും നിർബ്ബന്ധിക്കയും ചെയ്തു. സുഖമുള്ളപക്ഷം അവിടെ ശനിയാഴ്ച എത്താമെന്നു പറഞ്ഞു. നാലര മണിക്ക് അച്ചൻ തിരിച്ചുപോയി.

ആറു മണിയോടു കൂടി പള്ളിക്കരെ തരകനും മറ്റു രണ്ടുപേരും കൂടി വന്നിരുന്നു. അവരുടെ പള്ളിയിൽ യൽദോ നടത്തുന്നതിനു ഒരു പട്ടക്കാരനെ അത്യാവശ്യമായിരിക്കുന്നു എന്നും, ആരെ എങ്കിലും ഇവിടെ നിന്നും അയക്കണമെന്നും മറ്റും നിർബ്ബന്ധമായി പറഞ്ഞു. അതനുസരിച്ച് പത്തനംതിട്ട ഈപ്പൻ കത്തനാരെ വിവരം അറിയിച്ച് ഏർപ്പാടു ചെയ്യുന്നതിനായി മാനേജരച്ചനെ ചുമതലപ്പെടുത്തി. അനന്തരം അച്ചനും മറ്റെല്ലാവരും സെമിനാരിയിലേക്കു പോയി.

6-1-1953. കാതോലിക്കേറ്റ് അരമന, പഴയസെമിനാരി. ഇന്നും കാലത്ത് പഴയസെമിനാരിയിൽ നിന്നും മാനേജരച്ചൻ വന്നു. മേസ്തിരിമാർ ചാപ്പലിന്റെ മുഖവാരത്തിന്റെ വാർക്കപ്പണികൾ നടത്തിക്കൊണ്ടിരിക്കുന്നു.

പത്തു മണിക്ക് പത്തനംതിട്ട നിന്നും ഈപ്പൻ കത്തനാർ വന്നു. നാളെ പള്ളിക്കരെ യൽദോയുടെ ശുശ്രൂഷകൾ നടത്തുന്നതിനായി അയാളെ അവരോടു കൂടി അങ്ങോട്ടു അയച്ചു.

നാലു മണി കഴിഞ്ഞ് മാത്തുക്കുട്ടിയുടെ കാറിൽ പഴയസെമിനാരിക്കു പോയി. അവിടെ പുനലൂർ ബി.ബി. യിൽ ചൊല്ലുന്ന പപ്പ്യാസു കത്തനാരും വാലാപ്പറമ്പിൽ കത്തനാരും വന്നിരുന്നു. പപ്പ്യാസു കത്തനാരെ മാങ്ങാനത്തു നടത്തുന്നതിന് കൊച്ചുശെമ്മാശനോടു കൂടെ അയച്ചു.

മാങ്ങാനത്തു നിന്നും പാപ്പി ഇവിടെ വി. കുർബ്ബാനയും 'യൽദോ' ശുശ്രൂഷകളും കാണുന്നതിന് വന്നിരുന്നു. രാത്രി ഇവിടെ താമസിച്ചു.

7-1-1953. പഴയസെമിനാരി. വെളുപ്പിന് എഴുന്നേറ്റ് 1.30-നു പള്ളിയിൽ പോയി. രാത്രി നമസ്കാരം നടത്തി. അതെ തുടർന്ന് യൽദോയുടെ ശുശ്രൂഷകളും വി. കുർബ്ബാനയും നാം തന്നെ നിവർത്തിച്ചു. കുർബ്ബാനയുടെ അവസാനത്തിൽ നാം പ്രസംഗിച്ചു. ആറരയ്ക്കു എല്ലാം അവസാനിച്ചു. പള്ളിയിൽ ആളുകൾ വളരെ കുറവായിരുന്നു. പത്തു മണിക്കു മാങ്ങാനത്തു നിന്നും പപ്പ്യാസു കത്തനാരും ശെമ്മാശനും തിരിച്ചുവന്നു.

12 മണിക്ക് തീമോത്തിയോസ് മെത്രാച്ചൻ എറണാകുളത്തു നിന്നും വന്നു. ഇന്നു വെളുപ്പിന് പതിവുപോലെ എറണാകുളം പള്ളിയിൽ മെത്രാച്ചൻ 'യൽദോ'യുടെ ശുശ്രൂഷകൾ നടത്തുകയും വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തെന്നും, വളരെ ആളുകൾ അതിൽ സംബന്ധിച്ചെന്നും, അവിടുത്തെ വികാരിയും കപ്യാരും അതിൽ സഹകരിച്ചില്ലെന്നും, നമ്മുടെ ആളുകൾ വളരെ ഉത്സാഹമായി പ്രവർത്തിച്ചുകൊണ്ടിരുന്നെന്നും മറ്റും പറഞ്ഞു. എതൃകക്ഷികൾ മെത്രാച്ചനെക്കൊണ്ട് അവിടെ നടത്തിക്കാതിരിപ്പാൻ ശ്രമിച്ചെങ്കിലും അത് വിഫലമാകുകയാണ് ചെയ്തതെന്നും മറ്റും പറഞ്ഞു.

ഉച്ചഭക്ഷണം കഴിഞ്ഞ ഉടനെ മെത്രാച്ചൻ ഓമല്ലൂർക്കു പോയി. കടമറ്റം, പിറവം, ഓണക്കൂർ, മൂവാറ്റുപുഴ, കുന്നക്കുരുടി, മുളക്കുളം മുതലായി വടക്ക് പല പള്ളികളിലും ഇന്ന് യൽദോ ശുശ്രൂഷകൾ നടന്നതായി മെത്രാച്ചൻ പറഞ്ഞു.

8-1-1953. സെമിനാരി, കാതോലിക്കേറ്റ് അരമന. ഇന്ന് ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാളാകയാൽ ബി.ബി. യിലെ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. പത്തു മണിയോടു കൂടി മാത്തുക്കുട്ടിയുടെ കാറിൽ അരമനയിലേക്കു പോന്നു. മാനേജരച്ചനും മണലിലച്ചനും ഇങ്ങോട്ടു പോന്നിരുന്നു. മണലിൽ അച്ചൻ ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തിനു പോയി.

സന്ധ്യയോടുകൂടി ടി. എസ്. ഏബ്രഹാം കത്തനാരും കുണ്ടറ കല്ലിൻമൂട്ടിൽ കത്തനാരും വന്നിരുന്നു. അയിരൂക്കാരൻ സൈമൺ മാത്യൂസ് കത്തനാർ അടുത്ത ഞായറാഴ്ച അയാളുടെ ഇടവകപ്പള്ളിയായ മതാപ്പാറ പള്ളിയിൽ അയാളുടെ ബന്ധുക്കളുടെയും മറ്റും ആഗ്രഹപ്രകാരം വി. കുർബ്ബാന ചൊല്ലുന്നതിന് നമ്മുടെ അനുവാദം വേണമെന്ന് ടി. എസ്. അച്ചൻ പറഞ്ഞതനുസരിച്ച് അതിന് അനുവദിച്ചു നാം കല്പന കൊടുത്തു.

നെടുമ്പായിക്കുളത്തു പള്ളിയിൽ കല്ലുമൂട്ടി കത്തനാർക്ക് തവണ കൊടുക്കുന്നതു സംബന്ധിച്ചും ടി കത്തനാർ നമ്മോടു പറയുകയും പള്ളിക്കാരും മറ്റും അതിൽ സമ്മതിച്ചെന്ന് അറിയിക്കയും ചെയ്തു. അതേപ്പറ്റി നാം കുണ്ടറ എത്തുമ്പോൾ ഒരു തീരുമാനം ചെയ്യാമെന്നു പറഞ്ഞു.

9-1-1953. കാതോലിക്കേറ്റ് അരമന. ശിശുവധ പെരുന്നാളാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. മാനേജർ അച്ചനും കെ. പി. പൗലോസ് അച്ചനും ഇവിടെ വന്നിരുന്നു. മേപ്പാടിയിൽ സെന്റ് തോമസ് ജൂബിലിയിൽ സംബന്ധിക്കുന്നതിന് നമ്മുടെ സമുദായത്തിൽപെട്ട ഒരു റമ്പാച്ചനെയോ അച്ചനെയോ ഉടനെ അയക്കണമെന്നു കാണിച്ച് ടി പള്ളി വികാരി കമ്പി അടിച്ചിരുന്നു. അങ്ങോട്ടു പോകുന്നതിന് വട്ടക്കുന്നേൽ റമ്പാച്ചനെ അന്വേഷിച്ചതിൽ റമ്പാച്ചന് എന്തോ അസൗകര്യങ്ങൾ ഉള്ളതായി അറിയുകയാൽ പൗലോസ് കത്തനാരെ അങ്ങോട്ടയച്ചു.

എറണാകുളത്തു നിന്ന് ചാപ്പലിന്റെ ആവശ്യത്തിലേക്കു ആസ്ബസ്റ്റോസ് വാങ്ങുന്നതിന് പി. എൻ. നൈനാനെ ഏല്പിച്ചിരുന്ന 1250 രൂപ തിരിച്ചു കൊണ്ടുവന്നു തന്നു. ഉദ്ദേശിച്ചു പോയ കമ്പനിയിലെ സാധനം മോശമായിരുന്നതുകൊണ്ടാണ് അത് വാങ്ങാഞ്ഞത്.

ചാപ്പലിന്റെ മുഖവാരത്തിന്റെ കുരിശും കുറെ ക്രാസികളും ഇന്ന് മേസ്തിരിമാർ വാർത്തു. നമ്മുടെ കാറിന്റെ ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലെ ടാക്സ് 80 രൂപ മദ്രാസിന് അയച്ചുകൊടുത്തു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

നാടിനൊപ്പം നിന്ന തോട്ടയ്ക്കാട്ടച്ചൻ

ജോയ്സ് തോട്ടയ്ക്കാട്



രണ്ടാം ലോകമഹായുദ്ധാനന്തര ഭക്ഷ്യക്ഷാമം, ജനപ്പെരുപ്പം, രാഷ്ട്രീയ അശാന്തി എന്നിവയിൽ നിന്ന് രക്ഷപ്പെടാൻ മധ്യതിരുവിതാംകൂറിൽ നിന്നുള്ള ക്നാനായ കത്തോലിക്കർ 1943-ൽ കേരളത്തിലെ മലബാർ മേഖലയിലേക്ക് താമസം മാറ്റിയ ഒരു സംഘടിത പ്രസ്ഥാനമായിരുന്നു *ക്നാനായ മലബാർ കുടിയേറ്റം*. കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ കാസർഗോഡും കണ്ണൂരും അഭിവൃദ്ധി പ്രാപിക്കുന്ന കോളനികൾ അവർ സ്ഥാപിച്ചു.

ഇതിനു സമാനമായി തന്റെ ജന്മനാടായ കോട്ടയം ജില്ലയിലെ തോട്ടയ്ക്കാട് എന്ന ഗ്രാമത്തിനു വേണ്ടി 1948-50 കാലത്ത് ഒരു സംഘടിത മലബാർ കുടിയേറ്റത്തിന് പ്രാരംഭം കുറിച്ച ദീർഘദർശിയായിരുന്നു തോട്ടയ്ക്കാട്ടച്ചൻ എന്നറിയപ്പെട്ട പുത്തേട്ടുകടുപ്പിൽ പി. എം. ഫീലിപ്പോസ് കത്തനാർ (1902-1986). ഇന്നത്തെ വയനാട് ജില്ലയിൽപ്പെട്ട *പനമരം* എന്ന സ്ഥലത്ത് കുറെയേറ സ്ഥലം ഒരുമിച്ചുവാങ്ങി, അവിടേയ്ക്ക് തോട്ടയ്ക്കാട് നിവാസികൾ കൂട്ടമായി കുടിയേറി അവിടെയൊരു *തോട്ടയ്ക്കാട് ഗ്രാമം* സ്ഥാപിക്കുക എന്നതായിരുന്നു അച്ചന്റെ ലക്ഷ്യം. പ്രാരംഭ പ്രവർത്തനങ്ങളെല്ലാം അച്ചൻ തനിയെ നടത്തിയെങ്കിലും ഈ പദ്ധതി ലക്ഷ്യത്തിലെത്തിയില്ല. എങ്കിലും സംരംഭകത്വത്തെ അഭിനന്ദിക്കാതിരിക്കാൻ തരമില്ല. അദ്ദേഹം ദിവംഗതനായിട്ട് 2026 ജൂലൈ 11-നു 40 വർഷം തികഞ്ഞു.

ഓലിക്കര പുത്തേട്ടുകടുപ്പിൽ ഗീവറുഗീസ് മാത്യു - ഏലിയാമ്മ ദമ്പതികളുടെ ഇളയ പുത്രനായി ഫീലിപ്പോസ് കത്തനാർ 1902-ൽ ജനിച്ചു. കോട്ടയം എം.ഡി. സ്കൂളിൽ നിന്ന് ഇ.എസ്.എൽ.സി. യും, സി.എം.എസ്. കോളജിൽ നിന്ന് ഇന്റർമീഡിയറ്റും, മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ബി.എ. യും, തിരുവനന്തപുരം ഗവ. ട്രെയിനിംഗ് കോളജിൽ നിന്ന് എൽ.റ്റി. യും കരസ്ഥമാക്കി.

പ. വട്ടശ്ശേരിൽ തിരുമേനിയിൽ നിന്ന് 1918-ൽ (കൊ.വ. 1094 വൃശ്ചികം 18) തോട്ടയ്ക്കാട് പള്ളിയിൽ വച്ച് ശെമ്മാശുപട്ടവും, 1933 ജൂൺ 19-നു തോട്ടയ്ക്കാട് പള്ളിയിൽ വച്ച് കശ്ശീശാപട്ടവും സ്വീകരിച്ചു (1108 മിഥുനം 5). പ. പാമ്പാടി തിരുമേനിയുടെ കീഴിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി.

1933-ൽ മദ്രാസ് ബ്രോഡ്‌വേ പള്ളിയിൽ സേവനം ചെയ്തു തിരിച്ചെത്തി 1934-ൽ മാർ അപ്രേം പള്ളിയിൽ സഹവികാരിയായി സ്ഥാനമേറ്റു. ഈ അവസരത്തിൽ സഭയ്ക്ക് ബോംബെ ദാദറിൽ ദൈവാലയം സ്ഥാപിക്കുവാൻ നിയോഗിക്കപ്പെട്ടു. ആ പള്ളിക്ക് അടിസ്ഥാനമിട്ട് പണിയാരംഭിച്ച ശേഷം വീണ്ടും തിരിച്ചെത്തി മാതൃഇടവകയുടെ പ്രവർത്തനത്തിൽ വ്യാപൃതനായി.



1934 മുതൽ ബഹു. ഫീലിപ്പോസ് കത്തനാർ മാർ അപ്രേം ഇടവകയുടെ വളർച്ചയ്ക്കും, നാടിന്റെ ബഹുമുഖ ഉന്നമനത്തിനും വേണ്ടി പ്രവർത്തനം ആരംഭിച്ചു. 'തോട്ടയ്ക്കാട് - മീനടം യൂണിയൻ യു.പി. സ്കൂൾ' (TMUUP School), തന്റെ ഉടമസ്ഥതയിൽ സ്ഥാപിക്കപ്പെട്ട തോട്ടയ്ക്കാട് സെന്റ് തോമസ് മലയാളം ഹൈസ്കൂൾ (1937-38) എന്നീ സ്കൂളുകൾ ഈ ദേശത്തെ കുട്ടികൾക്ക് ഏഴാം ക്ലാസു മുതൽ മുന്നോട്ടു പഠിക്കുന്നതിനു സൗകര്യമുണ്ടാക്കി. TMUUP സ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്ററായിരുന്നു. 1948-ൽ അച്ചന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്കൂൾ ഇംഗ്ലീഷ് ഹൈസ്കൂളാവുകയും അദ്ദേഹം അന്നു മുതൽ ആ സ്കൂളിന്റെ പ്രധാനാദ്ധ്യാപകനായി ചുമതല ഏൽക്കുകയും ചെയ്തു.

1945-ൽ അച്ചൻ പൊതുജനങ്ങളുടെ സഹകരണത്തോടെ തോട്ടയ്ക്കാട് ആശുപത്രിക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് തിരുവല്ലാ മെഡിക്കൽ മിഷൻ ആശുപത്രിയുടെ ശാഖ ഇവിടെ പ്രവർത്തനക്ഷമമാക്കി. അതിന്റെ പ്രവർത്തനം മന്ദീഭവിച്ചപ്പോൾ അന്നത്തെ ആരോഗ്യവകുപ്പു മന്ത്രിയെകണ്ട് അഭ്യർത്ഥിച്ചതിന്റെ ഫലമായി ആശുപത്രി ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്തു.

തോട്ടയ്ക്കാട്ടുള്ള വായനശാല (1943), വില്ലേജ് അപ്‌ലിഫ്റ്റു സെന്റർ, പൊതുക്കിണർ എന്നിവയെല്ലാം അച്ചൻ സംഭാവന ചെയ്ത സ്ഥലത്ത് സ്ഥാപിക്കപ്പെട്ടു. ഇന്നു കാണുന്ന പല റോഡുകളും അച്ചന്റെ ശ്രമഫലമായി നിർമ്മിക്കപ്പെട്ടതാണ്. വാകത്താനം പഞ്ചായത്തിന്റെ പ്രസിഡന്റായിരുന്ന അച്ചൻ (1963-1979) പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി യത്നിച്ചു.

വലിയമണ്ണിൽ യോഹന്നാൻ കത്തനാരുടെ കാലശേഷം 1949 മുതൽ മാർ അപ്രേം പള്ളിയുടെ വികാരിയായി. ഇന്നത്തെ നമ്മുടെ ദൈവാലയ നിർമ്മാണത്തിന് അദ്ദേഹം നേതൃത്വം നൽകി. പള്ളിയുടെ ആദ്യത്തെ ഓഡിറ്റോറിയം, പൊതുക്കബർ, തോട്ടയ്ക്കാട്ട് കവലയിലുള്ള കുരിശിൻതൊട്ടി (അച്ചൻ സംഭാവന ചെയ്ത സ്ഥലത്ത്) ഇവയൊക്കെ അച്ചന്റെ ഭരണകാലത്തുണ്ടായ നേട്ടങ്ങളാണ്. ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് അച്ചൻ നൽകിയിട്ടുള്ള കൈത്താങ്ങലിനുദാഹരണമാണ് മാർ അപ്രേം സണ്ടേ സ്കൂൾ ദീർഘ വർഷങ്ങൾ അച്ചന്റെ ഉടമസ്ഥതയിലുള്ള സെന്റ് തോമസ് ഹൈസ്കൂളിൽ നടന്നത്.

മലബാർ ഭദ്രാസനത്തിലെ ഏറ്റുകുടുക്ക പള്ളിയുടെ പുനരുത്ഥാരണം (1979), വയനാട്ടിലെ തരിയോട് പള്ളിയുടെ നിർമ്മാണം ഇവ അച്ചന്റെ സഭാസ്നേഹത്തെ വിളിച്ചറിയിക്കുന്നു. അദ്ദേഹം നെടുമാവ് സെന്റ് പോൾസ്, പരിയാരം സെന്റ് തോമസ്, ചേറ്റേടം സെന്റ് മേരീസ്, മാങ്ങാനം എബനേസർ, ആലപ്പുഴ കുപ്പപ്പുറം പള്ളി എന്നീ ഇടവകകളിൽ വികാരിയായി സേവനം ചെയ്യുകയുണ്ടായി.

സഭാ മാനേജിംഗ് കമ്മിറ്റിയംഗം, കോട്ടയം ഭദ്രാസന സെക്രട്ടറി, സഭവക കോളജുകളുടെ ഗവേണിംഗ് ബോർഡ് മെമ്പർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. പൗരോഹിത്യ ശുശ്രൂഷകളിലും ആരാധനാനുഷ്ഠാനങ്ങളിലും നിഷ്ടയും വെടിപ്പും പുലർത്തിയിരുന്ന അച്ചൻ നോമ്പനുഷ്ഠാനങ്ങളിൽ തൽപരനും ദൈവഭക്തനുമായിരുന്നു.

യറുശലേം, ദമാസ്കസ്, ഹോംസ്, ആലപ്പോ, അമ്മാൻ, ബാഗ്ദാദ് എന്നീ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. പ. പാത്രിയർക്കീസിന്റെ അതിഥിയായി താമസിക്കുകയും, 1979-ൽ യൂറോപ്യൻ രാജ്യങ്ങളും, അമേരിക്കയും സന്ദർശിക്കവെ വത്തിക്കാനിൽ പ. പാപ്പായുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഈ യാത്രകളെക്കുറിച്ച് "കാണേണ്ടതും കണ്ടതും" എന്ന യാത്രാ വിവരണം രചിച്ചു.

ചെങ്ങളം പുളിക്കപ്പറമ്പിൽ അന്നമ്മ ആയിരുന്നു സഹധർമ്മിണി. രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. 1986 ജൂലൈ 11-ാം തീയതി ഫീലിപ്പോസ് കത്തനാർ ദിവംഗതനായി. 13-ാം തീയതി തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ പ. ബസേലിയോസ് മാത്യൂസ് പ്രഥമൻ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ കബറടക്കം നടത്തി.

ഡോ. ഡി. ബാബു പോളിന്റെ ഒരു കൃതിയിൽ പുത്തേട്ടുകടുപ്പിൽ അച്ചനെപ്പറ്റി ഒരു ലേഖനമുണ്ട്.

തോട്ടയ്ക്കാട്ടച്ചൻ മരിച്ചിട്ട് നാലു ദശാബ്ദങ്ങൾ പിന്നിടുമ്പോഴും അദ്ദേഹം പ്രാരംഭമിട്ടതും സ്ഥാപിച്ചതുമായ പ്രസ്ഥാനങ്ങൾ മരിക്കാത്ത സ്മരണകളായി തല ഉയർത്തി നിൽക്കുന്നു. കൂട്ടത്തിൽ തോട്ടയ്ക്കാട് ഗ്രാമത്തിന്റെ മുഴുവൻ വികസനവും.



പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ഗുരുവായിരുന്ന മഠത്തിൽ ആശാന്റെ (സി. ജി. രാമൻ പിള്ള) ഛായാചിത്രം പാമ്പാടി ദയറായിൽ അനാഛാദനം ചെയ്തു.



സഖറിയാ മാർ ദിവന്നാസിയോസ് തിരുമേനിയുടെ 29-ാമത് ഓർമ്മപ്പെരുന്നാൾ 2026 ജൂലൈ 10-നു വിനായഗപുരം അരമനയിൽ ആചരിച്ചു. ജോഷ്വാ മാർ നിക്കോദിമോസ് വിശുദ്ധ കുർബാന അർപ്പിച്ചു.



തിരുവനന്തപുരം ഭദ്രാസന ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനം തുമ്പോട് സെന്റ് കുര്യാക്കോസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. പൊതുസമ്മേളനത്തിൽ യുവജന പ്രസ്ഥാനം പ്രസിഡണ്ട് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു.



പുനർ നിർമിച്ച ഒലവക്കോട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പക്കോമിയോസിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു.

> **"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടുവളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."**
>
> **– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി**

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



നഷ്ടപ്പെട്ട വെള്ളിക്കാശ് അന്വേഷിച്ച സ്ത്രീ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

യേശുക്രിസ്തു തന്റെ ശുശ്രൂഷാകാലത്ത് സ്വർഗ്ഗരാജ്യത്തിന്റെ സത്യങ്ങളും ദൈവസ്നേഹത്തിന്റെ ആഴവും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ നിരവധി ഉപമകൾ ഉപയോഗിച്ചു. അവയിൽ ഏറെ ശ്രദ്ധേയമായ ഒന്നാണ് ലൂക്കോസ് 15:8-10-ൽ രേഖപ്പെടുത്തിയിരിക്കുന്ന നഷ്ടപ്പെട്ട വെള്ളിക്കാശിന്റെ ഉപമ. ഈ ഉപമ ചെറിയതാണെങ്കിലും അതിൽ അടങ്ങിയിരിക്കുന്ന ആത്മീയ സന്ദേശം വളരെ ആഴമേറിയതാണ്.

ഈ ഉപമയിൽ ഒരു സ്ത്രീയ്ക്ക് പത്ത് വെള്ളിക്കാശുകൾ ഉണ്ടായിരുന്നതായി കാണുന്നു. ആ കാലഘട്ടത്തിൽ ഒരു വെള്ളിക്കാശിന് വലിയ മൂല്യമുണ്ടായിരുന്നു. ഒരു കാശ് നഷ്ടപ്പെടുക എന്നത് അവൾക്ക് സാമ്പത്തിക നഷ്ടം മാത്രമല്ല, ഹൃദയത്തെ വേദനിപ്പിക്കുന്ന ഒരു നഷ്ടവുമായിരുന്നു.

ഒരു കാശ് നഷ്ടപ്പെട്ടതായി മനസ്സിലാക്കിയ ഉടൻ അവൾ നിസ്സംഗയായി ഇരുന്നില്ല. വിളക്ക് കൊളുത്തി, വീടടിച്ചുവാരി, അത് കണ്ടെത്തുന്നതുവരെ ശ്രദ്ധയോടെയും ക്ഷമയോടെയും അന്വേഷിച്ചു. ഒടുവിൽ നഷ്ടപ്പെട്ട കാശ് കണ്ടെത്തിയപ്പോൾ അവൾ അതിയായ സന്തോഷത്തോടെ സുഹൃത്തുക്കളെയും അയൽക്കാരെയും വിളിച്ചുകൂട്ടി തന്റെ സന്തോഷത്തിൽ പങ്കുചേർത്തു. ഈ സന്തോഷം ഒരു സാധാരണ വസ്തു കണ്ടെത്തിയതിന്റെ സന്തോഷം മാത്രമായിരുന്നില്ല; നഷ്ടപ്പെട്ടത് വീണ്ടുകിട്ടിയതിന്റെ ആഹ്ലാദമായിരുന്നു.


ഈ ഉപമയിലൂടെ യേശു ദൈവത്തിന്റെ ഹൃദയത്തെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. പാപത്തിൽ നഷ്ടപ്പെട്ടുപോയ ഓരോ മനുഷ്യനെയും അന്വേഷിക്കുകയും രക്ഷയിലേക്ക് നയിക്കുകയും ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു എന്ന മഹത്തായ സത്യം ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗത്തിൽ ഉണ്ടാകുന്ന സന്തോഷത്തെയാണ് ഈ സ്ത്രീയുടെ സന്തോഷം പ്രതിനിധീകരിക്കുന്നത്.

അതോടൊപ്പം, ഈ സ്ത്രീയുടെ ജീവിതത്തിൽ നിന്നും ഉത്തരവാദിത്വം, ജാഗ്രത, സ്ഥിരോത്സാഹം, ക്ഷമ, ആത്മാർത്ഥത, സന്തോഷം പങ്കിടുന്ന മനോഭാവം തുടങ്ങിയ അനേകം മഹത്തായ ഗുണങ്ങൾ നമുക്ക് കാണാൻ കഴിയും. അതുകൊണ്ടുതന്നെ നഷ്ടപ്പെട്ട വെള്ളിക്കാശ് അന്വേഷിച്ച സ്ത്രീ ഒരു ഉപമയിലെ കഥാപാത്രം മാത്രമല്ല, ആത്മീയ ജീവിതത്തിൽ ഓരോ വിശ്വാസിയും പിന്തുടരേണ്ട മാതൃകകളിൽ ഒന്നാണ്.

1. വിലമതിക്കാൻ അറിയുന്ന സ്ത്രീ

നഷ്ടപ്പെട്ട വെള്ളിക്കാശ് അന്വേഷിച്ച സ്ത്രീയുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷതകളിലൊന്നാണ് അവൾക്കുണ്ടായിരുന്ന വിലമതിക്കുന്ന മനോഭാവം. അവൾക്ക് ആകെ പത്ത് വെള്ളിക്കാശുകൾ ഉണ്ടായിരുന്നു. അവയിൽ ഒൻപത് കാശുകൾ ഇപ്പോഴും അവളുടെ കൈവശമുണ്ടായിരുന്നു. നഷ്ടപ്പെട്ടത് ഒരു കാശ് മാത്രമായിരുന്നു. പലരും അത്തരം ഒരു സാഹചര്യത്തിൽ, 'ഇനി ഒൻപത് കാശുകൾ ബാക്കിയുണ്ടല്ലോ' എന്ന് ചിന്തിച്ച് നഷ്ടപ്പെട്ട കാശിനെ അവഗണിച്ചേക്കാം. എന്നാൽ ഈ സ്ത്രീ അങ്ങനെ ചെയ്തില്ല. അവളുടെ കൈവശമുണ്ടായിരുന്ന ഓരോ കാശിനും അവൾ പ്രത്യേക വില കൽപ്പിച്ചിരുന്നു. അതുകൊണ്ടാണ് ഒരു കാശ് നഷ്ടപ്പെട്ടപ്പോൾ പോലും അവൾ അസ്വസ്ഥയാകുകയും അതിനെ കണ്ടെത്തുവാൻ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്തത്.

ഈ സ്ത്രീയുടെ പ്രവർത്തനത്തിൽ നിന്ന് ഒരു പ്രധാന സത്യം നമുക്ക് മനസ്സിലാക്കാൻ കഴിയും. യഥാർത്ഥ സ്നേഹവും കരുതലും സംഖ്യകളെ



നോക്കിയല്ല പ്രവർത്തിക്കുന്നത്. നഷ്ടപ്പെട്ടത് ചെറുതോ വലുതോ എന്നതല്ല പ്രധാനമായത്; നഷ്ടപ്പെട്ടത് വിലപ്പെട്ടതാണോ എന്നതാണ് പ്രധാന കാര്യം. ഈ സ്ത്രീയുടെ കണ്ണിൽ ആ ഒരു കാശും മറ്റുള്ള ഒൻപത് കാശുകളെപ്പോലെ തന്നെ വിലപ്പെട്ടതായിരുന്നു. അതുകൊണ്ടാണ് അവൾ അതിനെ കണ്ടെത്തുന്നതുവരെ വിശ്രമിക്കാതിരുന്നത്.

ഈ ഉപമയിലൂടെ യേശുക്രിസ്തു ദൈവത്തിന്റെ ഹൃദയത്തെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ മുമ്പാകെ ഓരോ മനുഷ്യനും അമൂല്യനാണ്. ലോകത്തിന്റെ കാഴ്ചപ്പാടിൽ ഒരാൾ നിസ്സാരനായി തോന്നിയേക്കാം. സമൂഹം അവഗണിക്കുന്നവരും തള്ളിക്കളയപ്പെടുന്നവരും മറക്കപ്പെടുന്നവരും ഉണ്ടാകാം. എന്നാൽ ദൈവം ആരെയും നിസ്സാരരായി കാണുന്നില്ല. ഓരോ വ്യക്തിയും ദൈവത്തിന്റെ സൃഷ്ടി മാത്രമല്ല, അവിടുത്തെ അനന്തസ്നേഹത്തിന്റെയും കരുണയുടെയും പ്രത്യേക വിഷയവുമാണ്.

ഇതേ ആശയം യേശു പറഞ്ഞ നല്ല ഇടയന്റെ ഉപമയിലും കാണാൻ കഴിയും (ലൂക്കോസ് 15:4-7). നൂറ് ആടുകളിൽ ഒരെണ്ണം നഷ്ടപ്പെട്ടപ്പോൾ ഇടയൻ തൊണ്ണൂറ്റൊൻപത് ആടുകളെ സുരക്ഷിതമായി വിട്ടശേഷം നഷ്ടപ്പെട്ട ആടിനെ അന്വേഷിക്കാൻ പുറപ്പെടുന്നു. നഷ്ടപ്പെട്ട ആടിനെ കണ്ടെത്തുന്നതുവരെ അവൻ തിരച്ചിൽ അവസാനിപ്പിക്കുന്നില്ല. കാരണം അവന്റെ ദൃഷ്ടിയിൽ ആ ഒരു ആടും വളരെ വിലപ്പെട്ടതായിരുന്നു. അതുപോലെ തന്നെ നഷ്ടപ്പെട്ട വെള്ളിക്കാശിനെ അന്വേഷിച്ച സ്ത്രീയും ആ ഒരു കാശിന് വലിയ വില കൽപ്പിച്ചു.

ഈ സ്ത്രീയുടെ ജീവിതം നമ്മെയും ഒരു പ്രധാന പാഠം പഠിപ്പിക്കുന്നു. ദൈവം വിലമതിക്കുന്ന മനുഷ്യരെ നാമും വിലമതിക്കണം. കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും സഹവിശ്വാസികളെയും സമൂഹത്തിൽ അവഗണിക്കപ്പെടുന്നവരെയും സ്നേഹത്തോടും കരുതലോടും കാണണം. ഓരോ വ്യക്തിക്കും ദൈവം നൽകിയിരിക്കുന്ന മൂല്യം തിരിച്ചറിയുമ്പോൾ മാത്രമേ നമുക്ക് യഥാർത്ഥ ക്രൈസ്തവ സ്നേഹം പ്രകടിപ്പിക്കാൻ കഴിയൂ.

അതിനാൽ നഷ്ടപ്പെട്ട വെള്ളിക്കാശ് അന്വേഷിച്ച സ്ത്രീ, ഓരോ കാര്യത്തിനും വ്യക്തിക്കും യഥാർത്ഥ വില കൽപ്പിക്കാൻ അറിയുന്ന സ്ത്രീയുടെ മനോഹരമായ മാതൃകയാണ്. അവളുടെ ഈ സവിശേഷത ദൈവത്തിന്റെ സ്നേഹവും കരുതലും പ്രതിഫലിപ്പിക്കുന്ന ഒന്നായി നമുക്ക് കാണാൻ കഴിയും.

2. ജാഗ്രതയുള്ള സ്ത്രീ

നഷ്ടപ്പെട്ട വെള്ളിക്കാശ് അന്വേഷിച്ച സ്ത്രീയുടെ മറ്റൊരു പ്രധാന സവിശേഷത അവളുടെ ജാഗ്രതയാണ്. അവൾക്ക് പത്ത് വെള്ളിക്കാശുകൾ ഉണ്ടായിരുന്നു. അതിൽ ഒരെണ്ണം നഷ്ടപ്പെട്ടപ്പോൾ ആ നഷ്ടം അവൾ ഉടൻ തിരിച്ചറിഞ്ഞു. തന്റെ കൈവശമുണ്ടായിരുന്ന സമ്പത്തിനെക്കുറിച്ച് അവൾ ശ്രദ്ധാലുവായിരുന്നു. അതുകൊണ്ടാണ് ഒരു കാശ് കാണാതായ വിവരം അവൾക്ക് പെട്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. പലപ്പോഴും നമ്മൾ നമ്മുടെ കൈവശമുള്ള കാര്യങ്ങളെക്കുറിച്ച് അശ്രദ്ധ കാണിക്കുമ്പോൾ നഷ്ടങ്ങൾ സംഭവിച്ചാലും അത് വൈകിയാണ് തിരിച്ചറിയുന്നത്. എന്നാൽ ഈ സ്ത്രീ അങ്ങനെയായിരുന്നില്ല. അവൾ തന്റെ സമ്പത്തിനെ കരുതലോടെയും ഉത്തരവാദിത്വത്തോടെയും സൂക്ഷിച്ചിരുന്നു.

ജാഗ്രത എന്നത് വെറും സൂക്ഷ്മനിരീക്ഷണം മാത്രമല്ല; നമുക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളെ ഉത്തരവാദിത്വത്തോടെ പരിപാലിക്കുന്ന മനോഭാവവുമാണ്. ഈ സ്ത്രീ തന്റെ സമ്പത്തിനെക്കുറിച്ച് ശ്രദ്ധ പുലർത്തിയതുപോലെ, ദൈവം നമുക്ക് നൽകിയിരിക്കുന്ന അനുഗ്രഹങ്ങളെയും കഴിവുകളെയും അവസരങ്ങളെയും നാം കരുതലോടെ സൂക്ഷിക്കേണ്ടതുണ്ട്. ദൈവം നമുക്ക് ഏൽപ്പിച്ചിരിക്കുന്ന കാര്യങ്ങളിൽ വിശ്വസ്തരായിരിക്കുക എന്നത് ഒരു വിശ്വാസിയുടെ പ്രധാന കടമയാണ്.

സദൃശ്യവാക്യങ്ങൾ 27:23-ൽ, 'നിന്റെ ആടുകളുടെ അവസ്ഥ അറിവാൻ ജാഗ്രതയായിരിക്ക; നിന്റെ കന്നുകാലികളിൽ നന്നായി ദൃഷ്ടിവയ്ക്കുക നിന്റെ കന്നുകാലികളെ ശ്രദ്ധിച്ചുകൊൾക' എന്ന് പഠിപ്പിക്കുന്നു. ഈ വചനം ജാഗ്രതയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ഒരാൾക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവും ശ്രദ്ധയും ഉണ്ടായിരിക്കണം. അശ്രദ്ധ പലപ്പോഴും നഷ്ടങ്ങളിലേക്കും പരാജയങ്ങളിലേക്കും നയിക്കും. എന്നാൽ ജാഗ്രതയും ശ്രദ്ധയും വിജയത്തിലേക്കും സംരക്ഷണത്തിലേക്കും നയിക്കുന്നു.

ഈ സ്ത്രീയുടെ ജാഗ്രത ആത്മീയ ജീവിതത്തിനും ഒരു വലിയ പാഠമാണ്. നമ്മുടെ വിശ്വാസജീവിതത്തിൽ നാം എപ്പോഴും ജാഗ്രതയുള്ളവരായിരിക്കണം. പ്രാർത്ഥനയിലും ദൈവവചന പഠനത്തിലും ആത്മീയ വളർച്ചയിലും അശ്രദ്ധ കാണിക്കുമ്പോൾ വിശ്വാസം ക്ഷയിക്കാൻ സാധ്യതയുണ്ട്. ചെറിയ വീഴ്ചകൾ പോലും പിന്നീട് വലിയ ആത്മീയ നഷ്ടങ്ങളായി മാറാം. അതുകൊണ്ടാണ് യേശു പല അവസരങ്ങളിലും 'ജാഗരിച്ചുകൊൾവിൻ' എന്ന് തന്റെ ശിഷ്യന്മാരെ ഉപദേശിച്ചത്.

ലോകത്തിന്റെ തിരക്കുകളും പ്രലോഭനങ്ങളും പലപ്പോഴും നമ്മുടെ ആത്മീയ ജീവിതത്തെ ബാധിക്കാം. അത്തരം സാഹചര്യങ്ങളിൽ ദൈവത്തോടുള്ള ബന്ധം സംരക്ഷിക്കാൻ ജാഗ്രത ആവശ്യമാണ്. നഷ്ടപ്പെട്ട കാശ് ഉടൻ തിരിച്ചറിഞ്ഞ സ്ത്രീയെപ്പോലെ, നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ആത്മീയ കുറവുകളും വീഴ്ചകളും നാം തിരിച്ചറിയണം. അവ പരിഹരിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുകയും വേണം.

അതിനാൽ നഷ്ടപ്പെട്ട വെള്ളിക്കാശ് അന്വേഷിച്ച സ്ത്രീ, ജാഗ്രതയുടെയും ശ്രദ്ധയുടെയും ഉത്തരവാദിത്വബോധത്തിന്റെയും മനോഹരമായ മാതൃകയാണ്. ദൈവം നമുക്ക് നൽകിയിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളെയും വിശ്വാസത്തെയും ആത്മീയ സമ്പത്തിനെയും കരുതലോടെ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ജാഗ്രതയുള്ള ജീവിതം നമ്മെ നഷ്ടങ്ങളിൽ നിന്ന് കാത്തുസൂക്ഷിക്കുകയും ദൈവഹിതത്തിൽ ഉറച്ചു നിൽക്കാൻ സഹായിക്കുകയും ചെയ്യുന്നു.

3. പരിശ്രമശീലയായ സ്ത്രീ

നഷ്ടപ്പെട്ട വെള്ളിക്കാശ് അന്വേഷിച്ച സ്ത്രീയുടെ മറ്റൊരു പ്രധാന സവിശേഷത അവളുടെ പരിശ്രമശീലമാണ്. കാശ് നഷ്ടപ്പെട്ടുവെന്ന് മനസ്സിലാക്കിയപ്പോൾ അവൾ നിരാശപ്പെട്ട് ഇരുന്നില്ല. നഷ്ടപ്പെട്ടത് കണ്ടെത്താൻ എന്തെല്ലാം ചെയ്യേണ്ടതുണ്ടോ അതെല്ലാം അവൾ ചെയ്തു. അവൾ വിളക്ക് കൊളുത്തി, വീടടിച്ചുവാരി, ഓരോ ഭാഗവും ശ്രദ്ധാപൂർവം പരിശോധിച്ചു. കാശ് എവിടെയെങ്കിലും കിട്ടുമെന്ന പ്രതീക്ഷയിൽ വെറുതെ കാത്തിരുന്നില്ല; മറിച്ച് അതിനെ കണ്ടെത്തുന്നതിനായി ആത്മാർത്ഥമായി പരിശ്രമിച്ചു.

അവളുടെ ഈ പ്രവർത്തനം ജീവിതത്തിൽ കഠിനാധ്വാനത്തിന്റെയും ഉത്സാഹത്തിന്റെയും പ്രാധാന്യം നമ്മെ പഠിപ്പിക്കുന്നു. വിലപ്പെട്ട കാര്യങ്ങൾ പലപ്പോഴും പരിശ്രമത്തിലൂടെയാണ് നേടാൻ കഴിയുന്നത്. എളുപ്പത്തിൽ ലഭിക്കാത്ത കാര്യങ്ങൾക്കുവേണ്ടി ക്ഷമയോടെയും ആത്മാർത്ഥതയോടെയും പ്രവർത്തിക്കേണ്ടതുണ്ട്. ഈ സ്ത്രീയുടെ ജീവിതത്തിൽ നിന്ന് ലഭിക്കുന്ന പ്രധാന പാഠം, നഷ്ടപ്പെട്ടത് കണ്ടെത്തണമെങ്കിൽ ശ്രമിക്കണം എന്നതാണ്.

സദൃശ്യവാക്യങ്ങൾ 31-ൽ വിവരിക്കുന്ന സദ്ഗുണവതിയായ സ്ത്രീയും ഇതേ സ്വഭാവമുള്ളവളാണ്. അവൾ മടിയില്ലാതെ പ്രവർത്തിക്കുന്നവളും കുടുംബത്തിന്റെ നന്മയ്ക്കായി അക്ഷീണം അധ്വാനിക്കുന്നവളുമാണ്. ദൈവം ഇഷ്ടപ്പെടുന്ന ജീവിതം സജീവവും ഉത്സാഹപൂർണ്ണവുമായ ജീവിതമാണ്. അലസതയല്ല, പരിശ്രമമാണ് അനുഗ്രഹങ്ങളിലേക്കുള്ള വഴി എന്ന് ബൈബിൾ പല സ്ഥലങ്ങളിലും പഠിപ്പിക്കുന്നു.

യിരെമ്യാവ് 29:13-ൽ ദൈവം അരുളിച്ചെയ്യുന്നത്, 'നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്നെ അന്വേഷിച്ചാൽ എന്നെ കണ്ടെത്തും' എന്നാണ്. ഈ വചനം ആത്മീയ ജീവിതത്തിലും പരിശ്രമത്തിന്റെ ആവശ്യകതയെ ഓർമ്മിപ്പിക്കുന്നു. ദൈവത്തെ കൂടുതൽ അറിയാനും ദൈവസന്നിധിയിൽ വളരാനും ആത്മാർത്ഥമായ അന്വേഷണം ആവശ്യമാണ്. നഷ്ടപ്പെട്ട കാശ് കണ്ടെത്താൻ പരിശ്രമിച്ച സ്ത്രീയെപ്പോലെ, ദൈവത്തെ അന്വേഷിക്കുന്ന കാര്യത്തിലും നാം ഉത്സാഹമുള്ളവരായിരിക്കണം.

4. ക്ഷമയും സ്ഥിരോത്സാഹവും ഉള്ള സ്ത്രീ

ഈ സ്ത്രീയുടെ ജീവിതത്തിൽ കാണുന്ന മറ്റൊരു മഹത്തായ ഗുണമാണ് ക്ഷമയും സ്ഥിരോത്സാഹവും. അവൾ നഷ്ടപ്പെട്ട കാശ് കണ്ടെത്തുന്നതുവരെ തിരച്ചിൽ തുടർന്നു. കുറച്ച് സമയം അന്വേഷിച്ചിട്ടും കാശ് കിട്ടിയില്ലെങ്കിൽ അവൾ ശ്രമം ഉപേക്ഷിച്ചില്ല. ക്ഷമയോടെയും പ്രത്യാശയോടെയും അവൾ തിരച്ചിൽ തുടർന്നു.

ജീവിതത്തിൽ പലപ്പോഴും നാം പ്രാർത്ഥിക്കുന്ന കാര്യങ്ങൾ ഉടൻ സംഭവിക്കണമെന്നില്ല. നാം ചെയ്യുന്ന നന്മകൾക്ക് ഉടൻ ഫലം ലഭിക്കണമെന്നുമില്ല. അത്തരം സാഹചര്യങ്ങളിൽ പലരും നിരാശരാകുകയോ ശ്രമം അവസാനിപ്പിക്കുകയോ ചെയ്യാറുണ്ട്. എന്നാൽ ഈ സ്ത്രീ നമ്മെ പഠിപ്പിക്കുന്നത്, ലക്ഷ്യം കൈവരിക്കുന്നതുവരെ സ്ഥിരോത്സാഹത്തോടെ മുന്നോട്ട് പോകണം എന്നതാണ്.

യേശു പറഞ്ഞ, വിധവയേയും അനീതിയുള്ള ന്യായാധിപനേയും സംബന്ധിച്ച ഉപമ (ലൂക്കോസ് 18:1-8) സ്ഥിരോത്സാഹത്തിന്റെ പ്രാധാന്യം വളരെ വ്യക്തമായി പഠിപ്പിക്കുന്നു. നീതി ലഭിക്കുന്നതുവരെ വിധവ തന്റെ അപേക്ഷ ആവർത്തിച്ചുകൊണ്ടിരുന്നു. ഒടുവിൽ അവളുടെ സ്ഥിരോത്സാഹം വിജയിച്ചു. അതുപോലെ തന്നെ നഷ്ടപ്പെട്ട കാശ് അന്വേഷിച്ച സ്ത്രീയും അന്വേഷിക്കുന്നതിൽ തളർന്നില്ല.

ഗലാത്യർ 6:9-ൽ അപ്പൊസ്തലനായ പൗലോസ് പറയുന്നു: 'നന്മ ചെയ്കയിൽ നാം മടുത്തു പോകരുത്. തളർന്നു പോകാഞ്ഞാൽ തക്ക സമയത്ത് നാം കൊയ്യും' ഈ വചനം ക്ഷമയുടെയും സ്ഥിരോത്സാഹത്തിന്റെയും പ്രാധാന്യം ഓർമ്മിപ്പിക്കുന്നു. ജീവിതത്തിലെ വെല്ലുവിളികളിലും ആത്മീയ യാത്രയിലും ഈ സ്ത്രീയുടെ മാതൃക നമുക്ക് പ്രചോദനമാണ്.

5. സന്തോഷം പങ്കിടുന്ന സ്ത്രീ

നഷ്ടപ്പെട്ട കാശ് കണ്ടെത്തിയപ്പോൾ ഈ സ്ത്രീ തന്റെ സന്തോഷം സ്വന്തം ഹൃദയത്തിൽ മാത്രം ഒതുക്കിവച്ചില്ല. അവൾ സുഹൃത്തുക്കളെയും അയൽക്കാരെയും വിളിച്ചുകൂട്ടി, 'എന്നോടുകൂടെ സന്തോഷിപ്പിൻ' എന്ന് പറഞ്ഞു. അവളുടെ സന്തോഷം മറ്റുള്ളവരുമായി പങ്കുവെച്ച സന്തോഷമായിരുന്നു.

യഥാർത്ഥ സന്തോഷം പങ്കുവയ്ക്കുമ്പോഴാണ് കൂടുതൽ മനോഹരമാകുന്നത്. ദൈവം നൽകുന്ന അനുഗ്രഹങ്ങൾ നമുക്ക് മാത്രമല്ല, മറ്റുള്ളവർക്കും പ്രചോദനമാകേണ്ടതാണ്. ഈ സ്ത്രീയുടെ സന്തോഷം സ്വാർത്ഥതയില്ലാത്ത സന്തോഷമായിരുന്നു. മറ്റുള്ളവരും തന്റെ ആനന്ദത്തിൽ പങ്കുചേരണമെന്ന് അവൾ ആഗ്രഹിച്ചു.

ഇതേ ആശയം നഷ്ടപ്പെട്ട മകന്റെ ഉപമയിലും കാണാം (ലൂക്കോസ് 15:11–32). നഷ്ടപ്പെട്ട മകൻ മടങ്ങിവന്നപ്പോൾ പിതാവ് വലിയ വിരുന്നൊരുക്കി സന്തോഷം ആഘോഷിച്ചു. നഷ്ടപ്പെട്ടത് വീണ്ടുകിട്ടുമ്പോൾ ദൈവഹൃദയത്തിൽ ഉണ്ടാകുന്ന സന്തോഷത്തിന്റെ പ്രതിഫലനമാണ് ഈ ആഘോഷങ്ങൾ.

റോമർ 12:15–ൽ, 'സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിപ്പിൻ' എന്ന് അപ്പൊസ്തലനായ പൗലോസ് പഠിപ്പിക്കുന്നു. മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേരുകയും സ്വന്തം സന്തോഷം മറ്റുള്ളവരുമായി പങ്കുവെക്കുകയും ചെയ്യുന്നത് ഒരു ക്രൈസ്തവന്റെ മനോഹരമായ ഗുണമാണ്.

6. ആത്മാക്കളെ അന്വേഷിക്കുന്ന ദൈവത്തിന്റെ പ്രതിരൂപം

ഈ സ്ത്രീയുടെ ഏറ്റവും വലിയ പ്രത്യേകത, അവൾ ദൈവത്തിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു എന്നതാണ്. ഈ ഉപമയിൽ സ്ത്രീ നഷ്ടപ്പെട്ട കാശിനെ അന്വേഷിക്കുന്നതുപോലെ, ദൈവം നഷ്ടപ്പെട്ട മനുഷ്യരെ അന്വേഷിക്കുന്നു.

ലോകത്തിൽ അനേകർ പാപത്താലും ആത്മീയ അന്ധകാരത്താലും ദൈവത്തിൽ നിന്ന് അകന്നുപോയവരാണ്. എന്നാൽ ദൈവം അവരെ ഉപേക്ഷിക്കുന്നില്ല. അവർ ദൈവത്തിലേക്ക് മടങ്ങിവരണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് യേശു ഭൂമിയിലേക്ക് വന്നത്. ലൂക്കോസ് 19:10–ൽ യേശു പറയുന്നു: 'കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത് എന്ന് പറഞ്ഞു.' ഈ വചനം നഷ്ടപ്പെട്ട വെള്ളിക്കാശിന്റെ ഉപമയുടെ കേന്ദ്ര സന്ദേശമാണ്. ദൈവം നഷ്ടപ്പെട്ടവരെ അന്വേഷിക്കുന്ന ദൈവമാണ്. 2 പത്രോസ് 3:9–ൽ, ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടണമെന്നാണ് ദൈവത്തിന്റെ ആഗ്രഹമെന്ന് വ്യക്തമാക്കുന്നു. ഈ സ്ത്രീ കാശ് കണ്ടെത്തുന്നതുവരെ അന്വേഷിച്ചതുപോലെ, ദൈവവും മനുഷ്യരെ തന്റെ അടുക്കലേക്ക് കൊണ്ടുവരുവാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗത്തിൽ വലിയ സന്തോഷമുണ്ടാകുമെന്ന് യേശു ഈ ഉപമയിലൂടെ പഠിപ്പിക്കുന്നു. അതുകൊണ്ട് ഈ സ്ത്രീ ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുണയുടെയും പ്രതീകമാണ്.

7. വെളിച്ചം ഉപയോഗിച്ച സ്ത്രീ

കാശ് കണ്ടെത്താൻ ഈ സ്ത്രീ ആദ്യം ചെയ്തത് വിളക്ക് കൊളുത്തുക എന്നതാണ്. ആ കാലഘട്ടത്തിലെ വീടുകളിൽ ആവശ്യത്തിന് വെളിച്ചമില്ലായിരുന്നതിനാൽ നഷ്ടപ്പെട്ട വസ്തു കണ്ടെത്താൻ വിളക്കിന്റെ സഹായം അനിവാര്യമായിരുന്നു.

ഈ ചെറിയ സംഭവം വലിയൊരു ആത്മീയ സത്യത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നു. ഇരുട്ടിൽ നഷ്ടപ്പെട്ടത് കണ്ടെത്താൻ വെളിച്ചം ആവശ്യമായതുപോലെ, ആത്മീയ ജീവിതത്തിലും സത്യത്തെ കണ്ടെത്താൻ ദൈവത്തിന്റെ വെളിച്ചം ആവശ്യമാണ്.

സങ്കീർത്തനം 119:105–ൽ ദൈവവചനത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: 'നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു.' ദൈവവചനം നമ്മുടെ ജീവിതത്തെ നയിക്കുന്ന വെളിച്ചമാണ്. അത് തെറ്റായ വഴികളിൽ നിന്ന് നമ്മെ കാത്തുസൂക്ഷിക്കുകയും സത്യത്തിന്റെ വഴിയിലൂടെ നടത്തുകയും ചെയ്യുന്നു.

ഇന്ന് പലരും ജീവിതത്തിന്റെ ഇരുട്ടുകളിൽ വഴി കണ്ടെത്താതെ അലയുകയാണ്. അത്തരം സാഹചര്യങ്ങളിൽ ദൈവവചനത്തിന്റെ വെളിച്ചം മാത്രമാണ് യഥാർത്ഥ മാർഗദർശി. വിളക്ക് കൊളുത്തി കാശ് കണ്ടെത്തിയ സ്ത്രീയെപ്പോലെ, നാം ദൈവവചനത്തിന്റെ വെളിച്ചത്തിൽ ജീവിക്കുമ്പോൾ ആത്മീയ സത്യങ്ങളെ കണ്ടെത്താനും ദൈവഹിതം മനസ്സിലാക്കാനും കഴിയും.

നഷ്ടപ്പെട്ട ഒരു കാശിനെ കണ്ടെത്തുവാൻ അവൾ നടത്തിയ ആത്മാർത്ഥമായ ശ്രമം, നഷ്ടപ്പെട്ട മനുഷ്യരെ അന്വേഷിക്കുന്ന ദൈവത്തിന്റെ അഗാധ സ്നേഹത്തെ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ ഉപമയിലൂടെ യേശുക്രിസ്തു ഓരോ മനുഷ്യനും ദൈവത്തിന്റെ മുമ്പാകെ അമൂല്യരാണെന്ന് പഠിപ്പിക്കുന്നു. ഒരാൾ പോലും നഷ്ടപ്പെടരുതെന്നാണ് ദൈവത്തിന്റെ ആഗ്രഹം. അതുകൊണ്ടുതന്നെ നഷ്ടപ്പെട്ടവരെ അന്വേഷിക്കുകയും അവരെ ദൈവത്തിലേക്ക് നയിക്കുകയും ചെയ്യുക എന്നത് ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്വമാണ്.

ദൈവത്തെ ആത്മാർത്ഥമായി അന്വേഷിക്കുന്നതിലും, മറ്റുള്ളവരെ സ്നേഹത്തോടെ ദൈവസന്നിധിയിലേക്ക് നയിക്കുന്നതിലും, ജീവിതത്തിൽ ജാഗ്രതയും സ്ഥിരോത്സാഹവും പുലർത്തുന്നതിലും ഈ സ്ത്രീയുടെ മാതൃക നമുക്ക് പ്രചോദനമാകട്ടെ. നഷ്ടപ്പെട്ട വെള്ളിക്കാശ് അന്വേഷിച്ച സ്ത്രീയുടെ ജീവിതം ഇന്നും വിശ്വാസത്തിന്റെയും ദൈവസ്നേഹത്തിന്റെയും പ്രകാശമാർന്ന സന്ദേശമായി നമ്മുടെ മുന്നിൽ നിലകൊള്ളുന്നു.



തമിഴ്നാട്ടിലെ മാർ തോമ്മാ ശ്ലീഹായുടെ പ്രേഷിത ദൗത്യത്തെ പറ്റി സഖറിയാ പെരുമ്പടവം രചിച്ച 'തമിഴകത്തെ തോമ്മാപർവ്വം' എന്ന ഗവേഷണ പഠനഗ്രന്ഥത്തിന്റെ പ്രകാശനം മുഖ്യമന്ത്രി ശ്രീ വി. ഡി സതീശൻ നിർവഹിച്ചു. മന്ത്രിമാരായ അഡ്വ. മോൻസ് ജോസഫ്, അഡ്വ. അനൂപ് ജേക്കബ്, തിരുവിതാംകോട് അരപ്പള്ളി മാനേജർ ബർസ്ലീബി റമ്പാൻ, പോത്താറയിൽ പി. യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പ, ഫാ. വിജു ഏലിയാസ്, ഫാ. ജോർജ് വർഗീസ്, പി. വി. തോമസ് പുളിക്കീൽ, ഡോ. വി. എം. മാത്യു, ഡോ. ആൽവിൻ സണ്ണി, ജോസഫ് തോമസ് എന്നിവർ സമീപം. കോട്ടയം മഷിക്കൂട്ട് ഇപ്രിന്റ് ആണ് പ്രസാധകർ.



പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അഞ്ചാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് യുവജനപ്രസ്ഥാനം പുതുപ്പള്ളി ഡിസ്ട്രിക്റ്റിന്റെ നേതൃത്വത്തിൽ ജൂലൈ 12–നു പാമ്പാടി സെന്റ് മക്രീന സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിൽ 'സ്നേഹസ്പർശം' പരിപാടി സംഘടിപ്പിച്ചു. കേന്ദ്രത്തിലെ അന്തേവാസികൾക്കൊപ്പം ഒരു നേരം സ്നേഹവും കരുതലും പങ്കുവെച്ച് ചെലവഴിക്കാൻ യുവജനപ്രസ്ഥാന പ്രവർത്തകർക്ക് ഈ പരിപാടിയിലൂടെ സാധിച്ചു. പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു എബ്രഹാം അധ്യക്ഷത വഹിച്ച യോഗത്തിൽ, പുതുപ്പള്ളി ഡിസ്ട്രിക്റ്റ് ഓർഗനൈസർ സാം ജോസഫ് പ്രസംഗിച്ചു.

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം എട്ടാം ഞായർ

(വി. മർക്കോസ് 4:1–20)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



സാധാരണ മനുഷ്യന്റെ ജീവിത അനുഭവങ്ങളുമായി ചേർന്നു നിന്നാണ് കർത്താവ് എപ്പോഴും തന്റെ ഉപദേശങ്ങളെ നൽകുന്നത്. ലളിതമായ സംഗതികളിലൂടെ മഹത്തായ ഉപദേശങ്ങളെ പകർന്നു നൽകുന്ന രീതിയാണ് വിതക്കാരന്റെ ഉപമയിലും സ്വീകരിച്ചിരിക്കുന്നത്.

വിതക്കാരൻ വിതയ്ക്കുന്നത് ഒന്നു പോലെയാണ്. എന്നാൽ അത് സ്വീകരിക്കുന്ന ഇടങ്ങളാണ് വിത്തിന്റെ വളർച്ചയെ നിശ്ചയിക്കുന്നത്. ദൈവ വചനം ജീവിതങ്ങളിൽ കൃത്യമായി പതിക്കാറുണ്ടെങ്കിലും മനുഷ്യരുടെ ഭാഗത്തു നിന്നുള്ള പ്രതികരണങ്ങളാണ് അതിന്റെ വളർച്ചയെ നിശ്ചയിക്കുന്നത്. മനുഷ്യന്റെ സ്വാതന്ത്ര്യവും സഹകരണവും ആണ് അവന്റെ ജീവിതത്തിലെ ദൈവ വചനത്തിന്റെ ഫലപ്രാപ്തിയെ നിശ്ചയിക്കുന്നത്.

ശബ്ദമുഖരിതമായ പാതയോരം

വഴി എന്ന പദം തന്നെ പ്രലോഭനപരമായ കാഴ്ചകളുടെയും ജനത്തിരക്കിന്റെയും ബഹളങ്ങളുടെയും സൂചനയുള്ള ഒന്നാണ്. പുതിയ ലോകക്രമത്തെ ഏറ്റവും ഭംഗിയായി ഉപമിക്കാൻ ആകുന്നത് വഴി എന്ന സങ്കൽപ്പത്തോടാണ്. ശബ്ദമുഖരിതമായ ഒരു ലോകമാണിത്. ആ തിരക്കിലേക്ക് ദൈവവചനം വന്നു വീണാലും തീർത്തും അശ്രദ്ധമായി അത് ചവിട്ടി കളയപ്പെടുന്നു എന്നതാണ് വാസ്തവം. ലോകത്തിന്റെ കാഴ്ചകളിലും ശബ്ദങ്ങളിലും താത്പര്യങ്ങളിലും ദൈവവചനം തമസ്കരിക്കപ്പെട്ടു പോകുന്ന ഒരു അവസ്ഥയാണിത്.

സഹിഷ്ണതയില്ലാത്ത പാറപ്പുറം

പാറപ്പുറങ്ങൾ വളരെ കുറച്ച് മണ്ണ് ഉള്ളവയും അതിന്റെ പരപ്പിൽ ജലത്തിന്റെ സാന്നിധ്യം കുറവുള്ളവയും ആയിരിക്കും. വളർച്ചയ്ക്ക് അടിസ്ഥാനപരമായി ആവശ്യമുള്ള രണ്ട് ഘടകങ്ങളാണ് മണ്ണും വെള്ളവും.

ദൈവവചനം വളരുവാൻ തക്കവണ്ണം അതിനെ സ്വീകരിക്കുന്നവന്റെ ഉള്ളിൽ സഹിഷ്ണുതയാകുന്ന മണ്ണ് അത്യന്താപേക്ഷിതമാണ്. ഒരുതരത്തിലുള്ള നൊമ്പരങ്ങളെയും ജീവിതത്തോട് ചേർക്കുവാൻ തയ്യാറല്ലാത്ത ഇന്നിന്റെ ലോകത്ത് ദൈവവചനത്തെ അതിൻറെ പൂർണ്ണതയിൽ ഉള്ളിലേക്ക് സ്വീകരിക്കുവാൻ അതിന് കഴിയുന്നില്ല എന്നതാണ് വാസ്തവം. ഏതുകാര്യവും വളരെ പെട്ടെന്ന് ലഭിക്കണമെന്ന് ശാഠ്യം പിടിക്കുന്ന നമുക്ക് കാത്തിരുന്ന് നേടേണ്ട ഒരു വളർച്ചയാണ് ദൈവാനുഭവം എന്ന ചിന്ത അർഥശൂന്യമായി തോന്നിയേക്കാം.

ദൈവവചനം സുഖവും സ്വച്ഛതയും മാത്രം വാഗ്ദാനം ചെയ്യുന്ന ഒന്ന് എന്ന് ധരിച്ച് ജീവിതത്തിലേക്ക് സ്വീകരിക്കുകയും പരുക്കൻ അനുഭവങ്ങൾ വരുമ്പോൾ അവയെ തള്ളിക്കളയുകയും ചെയ്യുന്ന സാഹചര്യം നമ്മൾ പലർക്കും ഉണ്ട്. ക്രിസ്തു മാർഗം സഹനത്തിന്റേതു കൂടെയാണ് എന്നെ ഓർമ്മപ്പെടുത്തൽ ആണിത്. “എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ”(മത്തായി 5:11) എന്ന് കർത്താവ് പറയുമ്പോൾ ജീവിതത്തിൽ അനിവാര്യമായിരിക്കുന്ന സഹിഷ്ണുത ഉണ്ടാവണം എന്നാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്.

ജീവിത തിരക്കുകളുടെ മുൾച്ചെടിക്കൂട്ടം

വിതക്കാരൻ വിതച്ച വിത്തും മുൾച്ചെടികളും ഒരേ നിലത്താണ് വളരുന്നത്. എന്നാൽ മുൾച്ചെടികളുടെ തിങ്ങലും ബാഹുല്യവും ആണ് വിത്തിന്റെ വളർച്ചയെ ഇല്ലാതെയാക്കുന്നത്.

ഇന്ന് ലോകത്തെ നാം അടയാളപ്പെടുത്തുന്നത് അതിവേഗം ചലിക്കുന്ന



ലോകമെന്നാണ്. ഒരു സാധാരണക്കാരന്റെ ജീവിതത്തിൽ പോലും അവൻ ഏറ്റവും അധികം വിലപിക്കുന്നത് സമയമില്ലായ്മയെ ചൊല്ലിയാകാം. എത്തിപിടിക്കുവാനുള്ള ഉയരങ്ങളും ചെയ്തുതീർക്കുവാൻ ഉള്ള ജോലികളും അത് ചെയ്തു തീരാത്തതിലുള്ള ആകുലതകളും മനുഷ്യ ജീവിതങ്ങളെ വല്ലാതെ തിക്കി തിരക്കുന്നുണ്ട്. ദേവാലയ ആരാധനയും പ്രാർത്ഥന അനുഭവങ്ങളും ദൈവവചനവും ജീവിതങ്ങളിലേക്ക് കടന്നുവരുന്നുണ്ടെങ്കിലും അവയെ വേണ്ടും വണ്ണം വളർത്തിയെടുക്കുവാൻ തിരക്കുകൾ നമ്മെ അനുവദിക്കുന്നില്ല.


ഒരുക്കപ്പെട്ട ഹൃദയവയൽ

ഏതൊരു കർഷകന്റെയും ആത്യന്തികമായ വിജയം താൻ വിതച്ചത് നല്ല ഫലം പുറപ്പെടുവിക്കുമ്പോഴാണ്. ആ ഫലപ്രാപ്തിയിലേക്ക് എത്തുവാൻ ഏറ്റവും മുഖാന്തരം ആയിരിക്കുന്നത് ഒരുക്കപ്പെട്ട വയലുകളാണ്.

വാസ്തവത്തിൽ പാതയോരവും പാറപ്പുറവും മുൾച്ചെടി കൂട്ടവും നല്ല നിലവും ഓരോ ജീവിതങ്ങളിലും ഉണ്ട്. തീരുമാനമെടുക്കുക എന്നത് ഓരോരുവന്റെയും താല്പര്യം ആണ്.

ഏതൊരു വ്യക്തിയും പൂർണ ഹൃദയത്തോടെ ദൈവവചനത്തെ സ്വീകരിക്കുമ്പോഴാണ് അവനിൽ വീഴുന്ന ദൈവവചനം ഫലം പുറപ്പെടുവിക്കുന്നത്. ഫലം പുറപ്പെടുവിക്കുന്നു എന്നതിൻറെ പ്രകടഭാവം അവൻറെ ജീവിതം തന്നെയാണ്. ഒരു വ്യക്തിയിലും അവനോട് ചേർന്ന് നിൽക്കുന്ന സമൂഹത്തിലും ക്രിയാത്മകമായ വ്യതിയാനങ്ങൾ ആണ് അതുവഴി സാധ്യമാകുന്നത്. ❑

Church Calendar



"Producing thirty, sixty, and a hundredfold fruits"

Eighth Sunday after Pentecost (St. Mark 4:1-20)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

Once, during his public ministry, when a large crowd gathered by the seashore, Jesus got into a boat, sat down, and spoke to them. His preaching and teaching were always through parables. It was done in a way that ordinary people could understand. Understanding who his listeners were and what their circumstances were, he used subjects closely related to them as parables in his sermons. If the gathering consisted mostly of women, he included matters related to them; if they were farmers, he included more matters related to farming. Jesus' teachings and sermons were structured in a way that truly attracted his listeners.

In this scripture portion, addressing a subject related to farmers, he uses a parable about sowing seeds to teach about the kingdom of God and the word of God. Sowing seeds was a common practice in Palestine. Jesus' parable is as follows:

A sower scattered seeds. Some seeds fell along the path. Birds came and immediately pecked them up. Here, one should not assume that the farmer worked carelessly. Generally, in Palestine, farmers plow the field after sowing the seeds. Sowing seeds along the path is done with the expectation that they will be mixed under the soil during plowing. Some seeds fell on rocky ground. Other seeds fell among thorny plants. Finally, some seeds fell on good soil. Only the seeds that fell on good soil yielded a good harvest. Even though the others grew, they could not produce good fruit because they lacked deep roots and had other shortcomings.

Because the disciples properly utilized the opportunity they received and the little knowledge they had, they became worthy of greater knowledge. The others became unworthy because they deliberately rejected His teachings. If they had the willingness, they too could have accepted it. Parables are spoken with a twofold purpose: as a veil to hide divine truths from those who lack the willingness, desire, or preparation, and as a path to lead the sincere and humble ever deeper into the truth.

On an occasion when Lord Jesus was alone, the disciples and some others ask Him about this parable. Their desire to know more about the parables shows their readiness to comprehend Jesus' teachings and to accept Him. Welcoming this attitude of theirs, Jesus said: "You have received a rare privilege. To you has been revealed the mystery of the kingdom of God."

The word mystery (hiddenness) is used by Daniel (2:18, 19, 28) to indicate the secret purposes of God's work of salvation. St. Paul the Apostle also uses it in this very sense (Colossians 1:26, Ephesians 3:3, 1 Corinthians 2:7). However, Lord Jesus' purpose was to enlighten people by imparting the necessary knowledge regarding the kingdom of God. Jesus calls those who hardened their hearts against the word of God those outside. Those who rejected Jesus closed their hearts and minds against the working of the Holy Spirit.

In this parable, the sower is the Lord. The seed is the message of the kingdom of God that He preaches. The soil represents human hearts. The seed itself is good. However, its growth depends on the condition of the soil where it is sown. Some yield a hundredfold, some sixtyfold, and some thirtyfold. Even those that fell on good soil produce fruit in different measures, that is, according to the capacity of the soil.

This difference can occur in two ways:

First, like the first two servants described in St. Matthew 25:16-17; because the amount received by each was different, the yield was also different.

Second, like the first two servants described in St. Luke 19:16-19; even though both received the same, the first made a greater profit than the second.

Jesus asks the disciples: "Do you not understand this parable? The sower sows the word of God. Some hear the word of God. Immediately Satan comes and takes away the word sown in them. Similarly, some fall away when they face tribulations and persecutions because of the word. This is the seed that fell on rocky ground. Some, like the seed sown among thorny plants, hear the word, but worldly anxieties, the lure of wealth, and other desires of this world enter in and choke the word, making it unfruitful. But those sown on good soil are those who hear the word, accept it, and bear fruit, thirty, sixty, and a hundredfold."

Through this parable, people are classified into different categories based on how a Christian responds to Christ's word. One group is quickly led astray from faith by Satan regarding what they believed. The next group stands firm for some time but yields and fails under persecutions and tribulations. Another group is led astray from faith by worldly anxieties. Quite different from these are those with hearts like fertile soil. They yield a harvest of thirty, sixty, and a hundredfold.

Jesus calls upon His followers to produce a good harvest from His teachings. The words heard must be put into practice. The call given to believers through this parable is that it is not enough to merely hear all the teachings of the Church regarding faith and practices, but they must demonstrate them in action. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മറുപുറം

തകർന്ന മേഘങ്ങൾ, മഴയാണ്.

ഫാ. അജീഷ് ബാബു

മഴകൾ ജനാലയ്ക്കരികിൽ ഇരുന്ന് ആസ്വദിക്കാം. ചില മഴകൾ ഓടിയൊളിക്കേണ്ടി വരും. ചില മഴകൾ കുട നിവർത്തിയാലും നനയ്ക്കും. ചില മഴകൾ കണ്ണുകളിലല്ല, ആത്മാവിലാണ് പെയ്യുന്നത്. ആ മഴയ്ക്ക് ശേഷം ഉണങ്ങുന്നത് വസ്ത്രങ്ങളല്ല; മനുഷ്യനാണ്. നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ വേദനകൾ പലപ്പോഴും പെരുമഴ പോലെ കടന്നുവരുന്നു. ഒരു ഫോൺവിളി, ഒരു ആശുപത്രിമുറി, ഒരു യാത്രയയപ്പ്, ഒരു ശവപ്പെട്ടി, ഒരു വഞ്ചന, ഒരു നഷ്ടം ഒരു നിമിഷംകൊണ്ട് ജീവിതത്തിന്റെ കാലാവസ്ഥ മാറിപ്പോകും. ഇന്നലെവരെ സൂര്യപ്രകാശമായിരുന്ന ലോകം ഇന്ന് മേഘങ്ങളുടെ നിറമാകും. അപ്പോൾ നമ്മൾ ദൈവത്തോട് ചോദിക്കുന്ന ചോദ്യം ഒന്നേയുള്ളു, 'ഈ മഴ അവസാനിക്കുമോ?'.

മഴ പെയ്യുമ്പോൾ നാം ആദ്യം നോക്കുന്നത് മരത്തിന്റെ ഇലകളെയാണ്. എന്നാൽ മഴയുടെ യഥാർത്ഥ സംഭാഷണം നടക്കുന്നത് മണ്ണിനടിയിലെ വേരുകളുമായാണ്. കണ്ണുകൾക്ക് കാണാൻ കഴിയാത്ത ആഴങ്ങളിലാണ് ജീവൻ സ്വീകരിക്കപ്പെടുന്നത്. അതുപോലെ തന്നെയാണ് വിശ്വാസവും. സന്തോഷത്തിന്റെ ദിവസങ്ങളിൽ എല്ലാവർക്കും വിശ്വാസിയാകാൻ കഴിയും. എന്നാൽ ജീവിതം മഴയായി പെയ്യുമ്പോഴാണ് നമ്മുടെ വിശ്വാസത്തിന് യഥാർത്ഥത്തിൽ വേരുകളുണ്ടോ എന്ന് അറിയുന്നത്. പുറമേ പുഞ്ചിരിക്കുന്ന മനുഷ്യനേക്കാൾ, നിശ്ശബ്ദമായി കരഞ്ഞുകൊണ്ട് ദൈവത്തെ മുറുകെപ്പിടിക്കുന്ന മനുഷ്യനാണ് ശക്തൻ. കാരണം ഇലകൾക്ക് കാറ്റിനെ ചെറുക്കാനാവില്ല; വേരുകൾക്കാണ് കഴിയുക.

ക്രിസ്തുവും അതുതന്നെയാണ് പഠിപ്പിച്ചത്. കുരിശിൽ അവിടുത്തെ കൈകൾ ആണികളാൽ ബന്ധിക്കപ്പെട്ടിരുന്നു. കാലുകൾക്ക് ചലിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഒരു കാര്യം മാത്രം ബന്ധിക്കാനായില്ല പിതാവിലുള്ള അവിടുത്തെ വിശ്വാസം. അതുകൊണ്ടാണ് അവസാന ശ്വാസത്തിലും അവിടുന്ന് പറഞ്ഞത്: 'പിതാവേ, അങ്ങയുടെ കൈകളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു.' പുറമേ എല്ലാം നഷ്ടപ്പെട്ടതായി തോന്നിയ നിമിഷത്തിലും വേരുകൾ ജീവനോടെ ഉണ്ടായിരുന്നു. അതുകൊണ്ടാണ് കുരിശ് പരാജയത്തിന്റെ അടയാളമാകാതെ പ്രത്യാശയുടെ വൃക്ഷമായി മാറിയത്.

ശിഷ്യന്മാരും ഒരിക്കൽ അതേ ചോദ്യം ചോദിച്ചു. ഗലീലി കടലിൽ കൊടുങ്കാറ്റ് ആഞ്ഞടിച്ച രാത്രിയിൽ, തിരമാലകൾ വള്ളത്തെ വിഴുങ്ങാൻ തുടങ്ങിയപ്പോൾ, ഉറങ്ങിക്കിടന്ന യേശുവിനെ അവർ ഉണർത്തി. 'ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നത് അങ്ങ് അറിയുന്നില്ലേ?' (മർക്കോസ് 4:38). അത് ഒരു പ്രാർത്ഥന മാത്രമായിരുന്നില്ല; തകർന്നുപോയ ഹൃദയത്തിന്റെ നിലവിളിയായിരുന്നു.

യേശു ആദ്യം കാറ്റിനെ ശാസിച്ചു. പിന്നെ ശിഷ്യന്മാരുടെ ഭയത്തെ. കാരണം, മനുഷ്യനെ ഏറ്റവും കൂടുതൽ മുക്കുന്നത് പുറത്തുള്ള കൊടുങ്കാറ്റല്ല; ഉള്ളിലെ ഭയമാണ്. കടൽ ശാന്തമാകുന്നതിന് മുമ്പ് അവരുടെ ഹൃദയം ശാന്തമാകേണ്ടിയിരുന്നു.

ജീവിതത്തിലും ചില കൊടുങ്കാറ്റുകളെ ദൈവം ഉടനെ മാറ്റുന്നില്ല. കാരണം ചില മഴകൾ അവസാനിപ്പിക്കാനല്ല, നമ്മെ മാറ്റാനാണ് വരുന്നത്. മഴ പെയ്യാതെ വിത്ത് പൊട്ടിമുളയ്ക്കില്ല. മണ്ണ് നനയാതെ സുഗന്ധം പരക്കില്ല. ഹൃദയം പൊട്ടാതെ ചില പ്രാർത്ഥനകൾ ജനിക്കുകയുമില്ല.

അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞത്: 'ഞാൻ നിങ്ങൾക്കു സമാധാനം തരുന്നു; ലോകം തരുന്നതുപോലെയല്ല ഞാൻ തരുന്നത്.' ലോകം മഴയില്ലാത്ത ആകാശത്തെയാണ് സമാധാനം എന്ന് വിളിക്കുന്നത്. ക്രിസ്തു മഴയ്ക്കിടയിലും തകരാത്ത ഹൃദയത്തെയാണ് സമാധാനം എന്ന് വിളിക്കുന്നത്.

കൊടുങ്കാറ്റ് കഴിഞ്ഞാൽ പലരും പറയാറുണ്ട്: 'ആകാശം എത്ര മനോഹരമായിരിക്കുന്നു!' യഥാർത്ഥത്തിൽ ആകാശം പുതുതായി സൃഷ്ടിക്കപ്പെട്ടതല്ല. മേഘങ്ങൾ മാത്രം മാറി. പലപ്പോഴും ദൈവം നമ്മുടെ സാഹചര്യങ്ങളെ ഉടനെ മാറ്റുന്നില്ല; പകരം നമ്മുടെ കാഴ്ചയാണ് മാറ്റുന്നത്. ഒരിക്കൽ ശാപമായി



തോന്നിയ അനുഭവങ്ങളെ വർഷങ്ങൾക്കുശേഷം തിരിഞ്ഞുനോക്കുമ്പോൾ, അവ തന്നെയാണ് നമ്മെ ഏറ്റവും മനോഹരമായ മനുഷ്യരാക്കി മാറ്റിയതെന്ന് നാം തിരിച്ചറിയും. അപ്പോൾ മനസ്സിലാകും ദൈവം നമ്മുടെ ജീവിതത്തിൽ നിന്ന് മഴയെ എടുത്തുമാറ്റിയില്ല; മഴയ്ക്ക് ഒരു അർഥം നൽകി. അതുകൊണ്ടാണ് ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ മുറിവുകൾ മായ്ച്ചുകളയാതിരുന്നത്. മഹത്വത്തിന്റെ ശരീരത്തിലും ആ മുറിവുകൾ അവശേഷിച്ചു. കാരണം, ദൈവത്തിന്റെ ഭാഷയിൽ മുറിവുകൾ അപമാനത്തിന്റെ അടയാളങ്ങളല്ല; സ്നേഹത്തിന്റെ ചരിത്രമാണ്. അതുകൊണ്ട് ജീവിതത്തിൽ മഴ പെയ്തതിന്റെ പാടുകൾ ഇന്നും നിങ്ങളിൽ ഉണ്ടെങ്കിൽ, അവയെ മറച്ചുവെക്കരുത്. ഒരുപക്ഷേ, മറ്റൊരാളുടെ ഇരുണ്ട ദിവസത്തിൽ വെളിച്ചമാകാൻ ദൈവം സൂക്ഷിച്ചുവെച്ച സാക്ഷ്യമായിരിക്കും ആ മുറിവുകൾ.

ഇന്ന് നിങ്ങളുടെ ജീവിതത്തിലും ഒരു മഴ പെയ്യുന്നുണ്ടാകാം. ആരും കാണാത്ത കണ്ണീർ നിങ്ങൾ ഒളിപ്പിക്കുന്നുണ്ടാകാം. എല്ലാ പ്രതീക്ഷകളും തകർന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടാകാം. എന്നാൽ ഒരു കാര്യം മറക്കരുത്. മഴ ഒരിക്കലും ആകാശത്തിന്റെ ശിക്ഷയല്ല; ഭൂമിയുടെ നവജന്മമാണ്. ദൈവം ചിലപ്പോൾ നമ്മുടെ ജീവിതത്തിലേക്ക് മഴയെ അനുവദിക്കുന്നത് നമ്മെ നശിപ്പിക്കാനല്ല; നമ്മിൽ പുതിയൊരു വസന്തം വിരിയിക്കാനാണ്.

അതുകൊണ്ടാണ് തകർന്ന മേഘങ്ങൾക്കു ശേഷമാണ് ഭൂമി ഏറ്റവും മനോഹരമാകുന്നത്. അതുപോലെ, ദൈവത്തിന്റെ കൈകളിൽ ഏൽപ്പിച്ച ഒരു തകർന്ന ജീവിതവും ഒരുദിവസം അതിന്റെ ഏറ്റവും മനോഹരമായ രൂപം പ്രാപിക്കും. കാരണം ക്രിസ്തു മഴ അവസാനിപ്പിക്കാമെന്ന് മാത്രം വാഗ്ദാനം ചെയ്തിട്ടില്ല; മഴയ്ക്കിടയിലും നമ്മുടെ വള്ളത്തിൽ കൂടെയുണ്ടാകുമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



തോമസ് ടി. ജോൺ അന്തരിച്ചു

കോട്ടയം: പാത്താമുട്ടം സെന്റ് ഗിറ്റ്സ് ഗ്രൂപ്പ് ഓഫ് ഇൻ സ്റ്റിറ്റ്യൂഷൻസ് ഡയറക്ടറും കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ കേരളം, ലക്ഷദ്വീപ് മേഖലകളുടെ മുൻ മേധാവിയുമായ ദേവലോകം തിരുവാതുക്കൽ വീട്ടിൽ തോമസ് ടി. ജോൺ (88) അന്തരിച്ചു. സ്തുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ പൊലീസ് മെഡൽ 1984-ൽ നേടി. പി. ജെ. ജോസഫ് മന്ത്രിയായിരിക്കെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്കൂളിന്റെ സ്ഥാപക അഡ്വൈസറും ഓണററി സെക്രട്ടറിയുമായിരുന്നു. ഓർത്തഡോക്സ് സഭാ വർക്കിങ് കമ്മിറ്റി അംഗവും മാനേജിങ് കമ്മിറ്റി അംഗവുമായി പ്രവർത്തിച്ചു.

ഭാര്യ: തൃശൂർ കാരിക്കോട്ടിൽ മേരി തോമസ്. മക്കൾ: ഡോ. അജിത് ജെ. തോമസ് (ചീഫ് ന്യൂറോ സർജൻ, ഹാർവഡ് മെഡിക്കൽ സ്കൂൾ, യുഎസ്), അനിത സൂസൻ തോമസ് (ദുബായ്). മരുമക്കൾ: ഡോ. അനില ജോർജ് ജേക്കബ് പുള്ളോലിക്കൽ (യുഎസ്), മനോജ് തോമസ് ചെറിയാൻ (ഇറക്കത്തിൽ). സംസ്കാരം കോട്ടയം പുത്തൻപള്ളിയിൽ നടത്തി.

തോമസ് ടി. ജോണിനെപ്പറ്റിയുള്ള ഓർമകളുമായി എംജി സർവകലാശാലാ മുൻ വി.സി. ഡോ. സിറിയക് തോമസ്

മാർപാപ്പയുടെ ആദരം ഏറ്റുവാങ്ങിയ കാവലാൾ

ജീവിതത്തിലുടനീളം ധാർമികതയും ലാളിത്യവും മുഖമുദ്രയാക്കിയ വ്യക്തിയായിരുന്നു തോമസ് ടി. ജോൺ. സമയനിഷ്ഠയും വിഷയങ്ങളിലുള്ള ആഴമേറിയ അറിവും അദ്ദേഹം നിലനിർത്തി. ഇന്റലിജൻസ് വിഭാഗത്തിൽ പ്രവർത്തിച്ചതിന്റെ എല്ലാ ബുദ്ധികൂർമതയും അദ്ദേഹം അവസാനനാളുകളിൽ വരെ നിലനിർത്തി.

ജോൺ പോൾ രണ്ടാമൻ മാർപാപ്പ മുംബൈ സന്ദർശിച്ച വേളയിൽ ഔദ്യോഗികമായി അദ്ദേഹത്തിന്റെ സുരക്ഷാ ക്രമീകരണങ്ങളുടെയും മറ്റും പൂർണ ചുമതല തോമസിനായിരുന്നു. അവിടെനിന്നു മടങ്ങുന്ന അവസരത്തിൽ മാർപാപ്പാ തോമസിനെ വിമാനത്തിനുള്ളിലേക്കു ക്ഷണിക്കുകയും പ്രത്യേകം അഭിനന്ദിക്കുകയും ഒരു മെഡൽ സമ്മാനിക്കുകയും ചെയ്തിരുന്നു.

തിരുവനന്തപുരത്ത് കേരള സർവകലാശാലയുടെ പ്രോ വൈസ് ചാൻസലറായിരിക്കെയാണ് അദ്ദേഹത്തെ പരിചയപ്പെടുന്നത്. അന്ന് അദ്ദേഹം, വിദ്യാഭ്യാസ മന്ത്രിയായിരുന്ന പി. ജെ. ജോസഫിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. പിന്നീട് ഞാൻ എം.ജി. വി.സി. യായി എത്തിയപ്പോഴും അദ്ദേഹത്തിൽ നിന്നു പലപ്പോഴും ഉപദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കാലത്തിനൊപ്പം സഞ്ചരിക്കുകയും കാലത്തിനപ്പുറം കാണുകയും ചിന്തിക്കുകയും ചെയ്ത ക്രാന്തദർശിയെയാണു നഷ്ടമായത്.




വ്യക്തിപരമായി ഏറെ അടുപ്പം സൂക്ഷിച്ച സ്നേഹിതനെയാണ് ശ്രീ. തോമസ് ടി. ജോണിന്റെ വേർപാടിലൂടെ നഷ്ടമാകുന്നത്. ഞാൻ ആറ് വർഷം വികാരിയായി സേവനം അനുഷ്ഠിച്ച കാരാപ്പുഴ മാർ ബസേലിയോസ് മാർ ഗ്രീഗോറിയോസ് ഇടവകയിലെ അംഗമായിരുന്നു അദ്ദേഹം. സഭയോട് സ്നേഹവും വിശ്വസ്തയും പുലർത്തുന്ന കുടുംബം. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുമായും അദ്ദേഹം ആത്മബന്ധം കാത്തുസൂക്ഷിച്ചു.

സഭയ്ക്കും സമൂഹത്തിനും അദ്ദേഹത്തിന്റെ സേവനങ്ങൾ മുതൽക്കൂട്ടാണ്. 1984 -ൽ സ്തുത്യർഹ സേവനത്തിന് ബഹു.രാഷ്ട്രപതിയുടെ പോലീസ് മെഡൽ കരസ്ഥമാക്കി. മലങ്കരസഭയുടെ വർക്കിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മറ്റി അംഗമായി പ്രവർത്തിച്ചു. നമ്മുടെ ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്ക്കൂളിന്റെ സ്ഥാപക അഡ്വൈസറായ തോമസ് ടി. ജോൺ സ്ക്കൂളിന്റെ ഓണററി സെക്രട്ടറി കൂടിയാണ്. കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ സംസ്ഥാന മേധാവി, പി. ജെ. ജോസഫ് മന്ത്രിയായിരിക്കെ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി തുടങ്ങി വ്യത്യസ്തങ്ങളായ കർമ്മമണ്ഡലങ്ങളിൽ ശോഭിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. തോമസ് ടി. ജോണിന്റെ വേർപാട് കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും സഭയ്ക്കും സമൂഹത്തിനും തീരാ നഷ്ടമാണ്. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുന്നു. പരേതന്റെ ആത്മാവിന് നിത്യശാന്തിയും കുടുംബത്തിന് ദൈവം ആശ്വാസവും ശക്തിയും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

- പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

പുസ്തകം









മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആത്മീയ പ്രസ്ഥാനങ്ങൾക്കും സഭാ സ്ഥാപനങ്ങൾക്കും അനുവദിച്ച പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനവും താക്കോൽദാനവും പരിശുദ്ധ കാതോലിക്കാ ബാവാ നിർവഹിച്ചു.




എക്സൈസ്, സഹകരണ വകുപ്പ് മന്ത്രി എം. ലിജു മാവേലിക്കര തെയോഭവൻ അരമനയിൽ എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായെ സന്ദർശിച്ചു.



തുമ്പമൺ ഭദ്രാസനത്തിലെ കർഷകരുടെയും ക്ഷീര കർഷകരുടെയും സംഗമ സമ്മേളനം തുമ്പമൺ ഏറം മാത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ അടൂർ എം.എൽ.എ. അഡ്വ. സി. വി. ശാന്തകുമാർ ഉദ്ഘാടനം ചെയ്യുന്നു. തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഏബ്രഹാം മാർ സെറാഫിം, വികാരി ഫാ. സി. കെ. തോമസ് എന്നിവർ സമീപം.



48-ാമത് മദ്രാസ് ഭദ്രാസന വൈദിക വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത വൈദികർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സീനോസിനൊപ്പം.



Santhome Reminiscence, the Golden Jubilee Souvenir of St. Thomas Indian Orthodox Church, Philadelphia, was officially released by H.H. Baselius Marthoma Mathews III, who presented the first copy to Zachariah Mar Nicholovos, Metropolitan of the Northeast American Diocese, on June 14, 2026.



ഓർത്തഡോക്സ് ക്രൈസ്തവ ബാലസമാജം കേന്ദ്ര കലാമേളയുടെ ഉദ്ഘാടനം എം.ജി.എം. ഹയർ സെക്കൻഡറി സ്കൂളിൽ മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ നിർവ്വഹിച്ചു. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. റിനോ കെ. മാത്യു അധ്യക്ഷത വഹിച്ചു. കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ചെറിയാൻ ജേക്കബ്, ഫാ. ഗീവർഗീസ് ജേക്കബ്, ഫാ. ജെറിൻ ജോർജ്, തലിൻ മാത്യൂസ് എബ്രഹാം, ജൂലി ജോർജ്, ഫാ. റിഞ്ചു പി. കോശി, ഫാ. ബിജി ഗീവർഗീസ്, ലിപിൻ പുന്നൻ, മഞ്ജു ജിസ്സൻ, ജിത്തു കെ. റെജി എന്നിവർ പ്രസംഗിച്ചു. നോർത്ത്, സൗത്ത് സോണുകളിലായി സംഘടിപ്പിച്ച കലാമേളയിൽ സഭയുടെ പതിനെട്ട് ഭദ്രാസനങ്ങളിൽ നിന്നായി അഞ്ഞൂറിലധികം പ്രതിഭകൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു.



കണ്ടനാട് ഈസ്റ്റ് ഭദ്രാസനം യുവജന പ്രസ്ഥാനം കൂത്താട്ടുകുളം മേഖലയുടെ നേതൃത്വത്തിൽ യുവജനങ്ങളുടെ തൂഫാൻ കൂട്ടയോട്ടം നടത്തി. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ബേസിൽ ജോയിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രവർത്തന ഉൽഘാടനം ഭദ്രാസന സെക്രട്ടറി ഫാ. എബിൻ എബ്രഹാം നിർവഹിച്ചു. മുൻസിപ്പൽ ചെയർമാൻ റെജി ജോൺ മുഖ്യ സന്ദേശം നടത്തി. യോഗത്തിൽ ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം ഫാ. ഗീവർഗീസ് ജോൺ വള്ളിക്കാട്ടിൽ എന്നിവർ ആശംസകൾ അറിയിച്ചു. ഫാ. എഡ്വേർഡ് ജോർജ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു.



ഫിലാഡൽഫിയയിലെ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളോട് അനുബന്ധിച്ചു നടന്ന വി. കുർബാനയിൽ പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.



കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിലെ നാലാം വർഷ വൈദിക വിദ്യാർത്ഥികൾ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിക്കൊപ്പം.



റാസ് അൽ ഖൈമ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയിൽ മൾട്ടി പർപ്പസ്സ് ഹാളിന്റെ കല്ലിടീൽ കർമ്മം നിർവ്വഹിച്ചു.



മലങ്കരസഭാ തേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ 117-ാം ഓർമ്മപ്പെരുന്നാൾ കോട്ടയം പഴയസെമിനാരിയിൽ ആചരിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.



ഡോ. എം. കുര്യൻ തോമസ് എഡിറ്റ് ചെയ്ത് എം.ഒ.സി. പബ്ലിക്കേഷൻസ് പൈതൃകം മലങ്കര സഭാ സാഹിതി സരണിയിൽ പ്രസിദ്ധീകരിച്ച 'ജോസഫിന്റെ ജീവചരിത്രം', 'ദൈവമുണ്ടെന്ന് തെളിയിക്കാമോ? മൂന്ന് വിശ്വാസ സത്യങ്ങൾ' തുടങ്ങിയ 3 പുസ്തകങ്ങളുടെ പ്രകാശന കർമ്മം പരിശുദ്ധ കാതോലിക്കാ ബാവാ നിർവഹിച്ചു



സ്ലീബാദാസ സമൂഹത്തിന്റെ മദ്ധ്യമേഖലാ സമ്മേ ളനം പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്നു. സ്ലീബാദാസ സമൂഹം അദ്ധ്യക്ഷൻ അഭിവന്ദ്യ.ഗീവർ ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സമ്മേളനം ഉത്ഘാടനം ചെയ്തു. മാനവശാക്തീകരണ വിഭാഗം - കരുതൽ ഡയറക്ടർ ഫാ. ബന്യാമിൻ ശങ്കരത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളെ പറ്റി വിഷയാവതരണം നടത്തി. ഇടവക വികാരി ഫാ. ആൻഡ്രൂസ് ടി. ജോൺ, ഫാ. തോമസ് മ്യാലിൽ, ഫാ. ഡോ. സോമു കെ. ശാമുവേൽ, ഫാ. സജിൻ സാബു പാട്ടത്തിൽ, ഫാ. ബേസിൽ ബാബു എന്നിവർ പ്രസംഗിച്ചു.



സ്ലീബാദാസ സമൂഹം ശതാബ്ദി ഭവനദാന പദ്ധതി: പത്ത് ഭവനങ്ങൾക്ക് പ. കാതോലിക്കാ ബാവാ ശിലാസ്ഥാപനം നടത്തി

എറണാകുളം: കാരുണ്യത്തിന്റെയും മാനവസ്നേഹത്തിന്റെയും ഒരു നൂറ്റാണ്ട് പിന്നിടുന്ന ജ്വലിക്കുന്ന ചരിത്രവുമായി സ്ലീബാദാസ സമൂഹം പുതിയൊരു പുണ്യകർമ്മത്തിനു കൂടെ ആരംഭം കുറിച്ചു. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും നിർധനർക്കും പ്രത്യാശയുടെ വെളിച്ചമേകിക്കൊണ്ട് സ്ലീബാദാസ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ പഴന്തോട്ടത്ത് പ. കാതോലിക്കാബാവാ നൽകിയ ഭൂമിയിൽ, 'സഹോദരൻ' പദ്ധതിയുമായി സഹകരിച്ച് നിർധനരായ പത്ത് കുടുംബങ്ങൾക്കായി പുതിയ പത്ത് സ്നേഹഭവനങ്ങൾ നിർമ്മിക്കും.

പദ്ധതിയുടെ ശിലാസ്ഥാപന കർമ്മം 2026 ജൂലൈ 11-നു പഴന്തോട്ടത്ത് നിർവ്വഹിക്കപ്പെട്ടു. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു.

തുടർന്ന് നടന്ന സമ്മേളനത്തിൽ സ്ലീബാദാസ സമൂഹം അദ്ധ്യക്ഷൻ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. പ. കാതോലിക്കാ ബാവാ അനുഗ്രഹ പ്രഭാഷണം നടത്തി. "ഇത് കേവലമൊരു ഭവന നിർമ്മാണമെന്നതിലുപരി, ഒരിടമില്ലാതെ അലയുന്ന പത്ത് കുടുംബങ്ങൾക്ക് അന്തസ്സോടെ ജീവിക്കാനുള്ള മണ്ണും തണലും ഒരുക്കുക എന്ന വലിയൊരു സാമൂഹിക ദൗത്യവും, ദൈവിക പദ്ധതിയുമാണ് ഇതിലൂടെ യാഥാർത്ഥ്യമാകുന്നത്" എന്ന് പ. കാതോലിക്കാ ബാവ അനുസ്മരിച്ചു.

കുന്നത്തുനാട് എംഎൽഎ വി. പി. സജീന്ദ്രൻ, ഐക്കരനാട് പഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന പ്രമോദ്, സ്ലീബാദാസ സമൂഹം വൈസ് പ്രസിഡന്റ് ഫാ. പി. കെ. തോമസ്, ജനറൽ സെക്രട്ടറി ഫാ. ഡോ. സോമു. കെ. ശാമുവേൽ തുടങ്ങിയവർ പ്രസംഗിച്ചു. വൈദികർ, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ജനപ്രതിനിധികൾ, സാമൂഹിക-സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവർ ശിലാസ്ഥാപന കർമ്മത്തിൽ പങ്കെടുത്തു.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കബറിടം സ്ഥിതിചെയ്യുന്ന ദേവലോകം കാതോലിക്കേറ്റ് അരമനയിലേക്ക് നടന്ന പാവന സ്മൃതിയാത്ര.